# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2023–2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം–682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** 0484–2422271

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്എ-ഇ.കെ.എം.(എം.1)29/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/03/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
അങ്കമാലി മുനിസിപ്പാലിറ്റി

സർ,

**വിഷയം : അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5. കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്എ-ഇ.കെ.എം.(എം.1)29/2025 തീയ്യതി: 27/03/2025

## എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി എം വി | ജോയിന്റ് ഡയറക്ടർ | 04-01-2025 | 20-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2025 | 20-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ടെസ്സി എം , ഓഡിറ്റ് ഓഫീസർ

ശ്രീ സിജു പി ഡാംസൺ,ഓഡിറ്റ് ഓഫീസർ

ശ്രീ പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സൗരഭ് സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ കിരൺ കെ എസ്, ഓഡിറ്റർ

ശ്രീമതി മുഹ്സീന എ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റെജി മാത്യു | ചെയർമാൻ | 01-04-2023 | 31-03-2024 |
| ശ്രീ ശ്രീരാഗ് എം എസ് | സെക്രട്ടറി | 01-04-2023 | 31-10-2023 |

| | | | |
|---|---|---|---|
| ശ്രീമതി ശോഭിനി ടി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2023 | 28-11-2023 |
| ശ്രീ ജെയിൻ വർഗീസ് പാത്താടൻ | സെക്രട്ടറി | 29-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭിനി ടി വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. ശരത്.ബി.ജോഷി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 19-07-2023 |
| ശ്രീ സിജി മത്തായി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2023 | 31-03-2024 |
| ഡോ.ബിന്ദു.കെ.ബി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2023 | 16-06-2023 |
| ഡോ. സന്ദീപ് ജോർജ് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 17-06-2023 | 18-07-2023 |
| ഡോ. സുനിൽ ജെ. ഇളംതട്ട് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 19-07-2023 | 31-03-2024 |
| ഡോ.പ്രീതി.വി | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീ ജോബി ടി വൈ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. റിയ റസാഖ്.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 08-11-2023 |
| ശ്രീമതി പ്രതിഭ മത്തായി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-11-2023 | 31-03-2024 |
| ശ്രീ. ശ്രീജയൻ.വി | പ്രോജക്ട് ഓഫീസർ | 01-04-2023 | 18-07-2023 |
| ശ്രീ Z പ്രകാശ് | പ്രോജക്ട് ഓഫീസർ | 19-07-2023 | 31-03-2024 |
| ശ്രീ. ഓമനക്കുട്ടൻ.എൻ.ടി | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. അജിതമോൾ.കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലീലാമ്മ.കെ.പി | ഹെഡ്മിസ്ട്രസ്, എം.ജി.എം.ജി.എച്ച്.എസ്, നായത്തോട് | 01-04-2023 | 31-03-2024 |
| ശ്രീ. നൗഷാദ്.എം.എൻ | ഹെൽത്ത് ഓഫീസർ | 01-04-2023 | 25-07-2023 |
| ശ്രീ അനിൽ ആർ | ഹെൽത്ത് ഓഫീസർ | 26-07-2023 | 31-03-2024 |
| ശ്രീ ഷമ്മി ബി എസ് | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം | 01-04-2023 | 09-07-2023 |
| ശ്രീ സന്തോഷ് കുമാർ എസ് | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണം | 10-07-2023 | 31-03-2024 |
| ഡോ.ആശാറാണി ടി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 10-09-2023 |
| ഡോ റീജ എൽ ജെ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 11-09-2023 | 31-03-2024 |
| ഡോ ജോബി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ശ്രീമതി. സബീന.ടി.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 16-05-2023 |
| ശ്രീമതി സ്മിത കെ ബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 17-05-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. | 1-1-1 |
| 3 | ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല. | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | വാർഷികകണക്കുകൾ– നീക്കിയിരിപ്പ് -മുന്നിരിപ്പ് വ്യത്യാസം | 1-1-6 |
| 8 | ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ബാങ്ക് പാസ്സ് ബുക്കുകൾ/ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്. | 1-1-10 |
| 12 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | ഗ്രാന്റ് ബാധ്യത- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി ഗ്രാന്റ് നിക്ഷേപത്തിന് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുന്നില്ല . | 1-1-12 |
| 14 | പ്രത്യേകോദ്ദേശ്യങ്ങൾക്കായി മാറ്റി വയ്ക്കപ്പെടുന്ന ഫണ്ടുകൾ– തത്തുല്യമായ ബാങ്ക് അക്കൌണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല. | 1-1-13 |
| 15 | ബാലൻസ്ഷീറ്റ് -രേഖകളില്ലാത്ത ബാധ്യത നീക്കിയിരിപ്പ് | 1-1-14 |
| 16 | റീകൺസിലിയേഷൻ അക്കൗണ്ടിംഗ് രീതികൾക്ക് അനുസൃതമല്ലാതെ പൊരുത്തപ്പെടുത്തി | 1-1-15 |
| 17 | വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ട പത്രികകൾ ഉൾപ്പെടുത്തിയിട്ടിയില്ല. | 1-1-16 |
| 18 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-1-17 |
| 19 | IBPMS മുഖേനയുള്ള പെർമ്മിറ്റ് വരവിന് പ്രത്യേക ബാങ്ക് അക്കൌണ്ട് സൂക്ഷിച്ചില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-10 |
| 29 | വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല. | 1-11 |
| 30 | 2024 ജനുവരി 1 മുതൽ കെ-സ്മാർട്ടിലെ പെർമിറ്റ്, വസ്തു നികുതി ഫയലുകൾ പരിശോധിക്കാനായിട്ടില്ല. | 1-11-1 |
| 31 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 32 | വിനോദ നികുതി – അപാകതകൾ | 1-13 |
| 33 | കെട്ടിടങ്ങളുടെ വാടക - കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 34 | ഇ ടെണ്ടർ ഫീ- മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല- വാർഷികകണക്കിൽ ചേർത്തില്ല | 1-15 |
| 35 | ക്യൂ ആർ കോഡ്- ജി പേ എന്നിവയിലൂടെ ലഭിയ്ക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ട്- ഫെഡറൽ ബാങ്ക് അക്കൗണ്ട്- റീകൺസീലിയേഷൻ പത്രിക പ്രകാരം 16,42,954 രൂപ ക്രെഡിറ്റ് വന്നിട്ടില്ല | 1-16 |
| 36 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വാണിജ്യ-വ്യവസായ ലൈസൻസ് അനുവദിച്ചു | 1-17 |
| 37 | നഗരസഭ പരിധിയിലെ പോളുകളുടെ വാടക - കുടിശ്ശിക നിലനിൽക്കുന്നു | 1-18 |
| 38 | ക്വാർട്ടേഴ്സ് ഉപയോഗിച്ചു - വീട്ടുവാടക ബത്ത കിഴിവ് ചെയ്തില്ല | 1-19 |
| 39 | നാഷണൽ ഹൈവേ അതോറിറ്റിയുടെ കൈവശത്തിലുള്ള സ്ഥലത്തുള്ള ഒരു ബസ് ഷെൽട്ടർ | 1-20 |

| | | |
|---|---|---|
| | പൊളിച്ചുനീക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തു | |
| 40 | സ്ഥലം വാങ്ങൽ - ഒരിക്കൽ നൽകിയ ഓഫറിൽനിന്നും കൂടിയ തുക ഉടമസ്ഥൻ ആവശ്യപ്പെട്ടത് നൽകി | 1-21 |
| 41 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-22 |
| 42 | സ്വന്തമല്ലാത്ത സ്ഥലത്ത് ടൗൺ ഹാൾ പണിയുന്നതിന് ഡി പി ആർ തയ്യാറാക്കാൻ വൻതുക ചെലവഴിച്ചത് നഷ്ടമായി | 1-23 |
| 43 | ബാലസഭ പ്രവർത്തനങ്ങൾ–പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 44 | പി.എം.എ.വൈ ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 1-25 |
| 45 | കോതകുളങ്ങര ആറാട്ടുകടവ് നവീകരണം-ഇന്റർലോക്ക് ടൈൽ വിരിച്ചതിന് അധികനിരക്ക് നൽകി | 1-26 |
| 46 | അറവ് ശാല നിർമ്മാണത്തിന് ഡി.പി.ആർ -തുടർനടപടികൾ സ്വീകരിക്കണം | 1-27 |
| 47 | ഓർഗാനിക് വേസ്റ്റ് കൺവർട്ടർ - ലഭിക്കുന്ന വളം വിൽപ്പന നടത്തിയതിന്റെ വിശദാംശങ്ങൾ ഇല്ല. | 1-28 |
| 48 | അക്കൗണ്ട്സ് ചട്ടങ്ങൾ ,മാന്വൽ എന്നിവയ്ക്ക് അനുസൃതമായി സ്ഥിരനിക്ഷേപങ്ങളുടെ കണക്ക് സൂക്ഷിക്കുന്നില്ല.ലെഡ്ജർ പ്രകാരം സ്ഥിരനിക്ഷേത്തിന്റെ മൂല്യം 51.72 ലക്ഷം രൂപ അധികം കണക്കാക്കിയിരിക്കുന്നു. | 1-29 |
| 49 | ഇക്വിറ്റി ഷെയർ നിക്ഷേപത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-30 |
| 50 | മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ₹12271/- കൂടുതലായി പിൻവലിച്ചത് തിരികെ അടവാക്കേണ്ടതാണ്. | 1-31 |
| 51 | സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-32 |
| 52 | സാന്ത്വന പരിചരണ ലാബ് ഉത്പന്നങ്ങൾക്ക് ക്വട്ടേഷൻ ലഭ്യമല്ല - ആകെ 131978/-രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 53 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ– അപാകത-58047/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 54 | ഹോണ്ട ബ്രഷ് കട്ടർ - വാറന്റി കാലാവധിക്കുള്ളിൽ നന്നാക്കാൻ തുക ചെലവാക്കി | 1-35 |
| 55 | വാഹനം നന്നാക്കി എടുക്കാതെ വാടകക്ക് എടുത്തു | 1-36 |
| 56 | സ്റ്റാറ്റ്യൂട്ടറി പെൻഷൻ -അവലോകനം | 1-37 |
| 57 | റഗുലർ പെൻഷൻ | 1-37-1 |
| 58 | കണ്ടിജന്റ് പെൻഷൻ | 1-37-2 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **അങ്കമാലി നഗരസഭയുടെ** 2024 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **31.07.2024 ലെ** 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **02.09.2024-ാം** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അങ്കമാലി നഗരസഭയുടെ 2023-24** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: എറണാകുളം**

**തീയതി: 27.03.2025**

**ജോയിന്റ് ഡയറക്ടർ**

### 1-1-1 കെ-സ്മാർട്ട്- വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമാണ് പൂർണ്ണതയിൽ എത്താത്ത കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വരുന്നത്. ഈ കാലയളവിലെ കണക്കുകൾ സാംഖ്യയുമായി സമന്വയിപ്പിച്ചാണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ എൻട്രികൾ കെ-സ്മാർട്ടിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ലാത്തതിനാൽ വരവ് തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

### 1-1-2 ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.

ജനുവരി 2024-ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ജനുവരി 2024 ശേഷമുള്ള വസ്തുനികുതി നിർണയങ്ങൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-3 വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.**

1/4/2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ് / ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം അതത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ / എഴുതി തള്ളൽ / ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 ലെ "110100100-Property Tax (General) " എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് ഒരു തവണ (വർഷാരംഭത്തിൽ 1/4/23 തീയ്യതിയിൽ ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വർഷാവസാനം വരെ പുതിയ കെട്ടിടങ്ങൾ അസ്സസ്സ് ചെയ്യുമെന്നതിനാൽ സാമ്പത്തിക വർഷത്തെ ആകെ ഡിമാന്റ് വർഷാരംഭത്തിലെ തീയതിയിൽ മാത്രം രേഖപ്പെടുത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-4 വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 54(3) (എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ).

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ.

4. വാടക ഡിമാന്റ് രജിസ്റ്റർ.

5. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ.

**1-1-5 മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ശീർഷകം | 31/3/24 ലെ നീക്കിയിരിപ്പ് തുക |
|---|---|
| 350410102- തൊഴിൽ നികുതി മുൻകൂർ | 2100/- |
| 350410299-മറ്റ് യൂസർ ചാർജ്ജുകൾ | 73167/- |
| 350410399- മറ്റ് ഫീസുകൾ | 116255/- |
| 350419900-മറ്റ് വരവുകളുടെ മുൻകൂർ | 5321065/- |

| | |
|---|---|
| 350410401 – വാടക | 614250/- |

**1-1-6 വാർഷികകണക്കുകൾ- നീക്കിയിരിപ്പ് -മുന്നിരിപ്പ് വ്യത്യാസം**

2022-23 ൽ ഓഡിറ്റ് ചെയ്ത വാർഷികകണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തൻവർഷം ഓഡിറ്റിനായി സമർപ്പിച്ച വാർഷികകണക്ക് പ്രകാരമുള്ള മുന്നിരിപ്പും പൊരുത്തപ്പെടാത്ത ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | 31/3/23 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 1/04/23 ലെ ലെഡ്ജർ പ്രകാരമുള്ള മുന്നിരിപ്പ് | വ്യത്യാസം (ഡെബിറ്റ്) | വ്യത്യാസം (ക്രെഡിറ്റ്) |
|---|---|---|---|---|
| 310100100-ജനറൽ ഫണ്ട് | 43601961.25 | 246,043,277.19 | | 202441315.94 |
| 310900100- എക്സസ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ | 210870815.94 | 8,429,480.00 | | (202441335.94) |
| ആകെ | 254472777.19 | 254472757.19 | | (20) |
| 450250101- എസ്ടിഎസ്ബി ഓൺ ഫണ്ട് | (20) | 0 | | 20 |
| ആകെ | (20) | 0 | 0 | 0 |

1. ഇതിൽ ജനറൽ ഫണ്ട്, എക്സസ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്നിവയുടെ ആകെ തുകയിൽ 20 രൂപയുടെ വ്യത്യാസമേ ഉള്ളൂവെങ്കിലും ഓരോ ഇനത്തിലും നീക്കിയിരിപ്പും മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഓഡിറ്റിന് വാർഷികകണക്കുകൾ സമർപ്പിച്ച ശേഷം രേഖപ്പെടുത്തലുകൾ വരുത്തിയതിനാലാണ് 20/- രൂപയുടെ വ്യത്യാസം വന്നിട്ടുള്ളത്. ഇപ്രകാരം ഓഡിറ്റിന് ശേഷം രേഖപ്പെടുത്തലുകൾ വരുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

**1-1-7 ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല.**

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ ബുക്ക് പ്രകാരമുള്ള എൻട്രികൾക്കൊന്നും ആധികാരിക വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

**1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല നിലവിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-9 ബാങ്ക് പാസ്സ് ബുക്കുകൾ/ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് /പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | ശീർഷകം | ബാങ്ക് | 31/3/24 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 450210300 | എസ് ബി ഐ-526 | 15684/- |
| 2 | 450210110 | നാഷണലൈസ്ഡ് ബാങ്ക് മുനിസിപ്പൽ ഫണ്ട് | ഇല്ല |
| 3 | 450210500 | ഫെഡറൽ ബാങ്ക്-390547 | 1740767/- |
| 4 | 450220200 | ഫെഡറൽ ബാങ്ക്-11233 | ഇല്ല |
| 5 | 450220300 | ഫെഡറൽ ബാങ്ക്-222 | ഇല്ല |
| 6 | 450230600 | എറണാകുളം സഹകരണ ബാങ്ക് | ഇല്ല |

| | | | |
|---|---|---|---|
| 7 | 450230900 | ഇഡിസിബി-14 | 31762/- |
| 8 | 450250101 | എസ് ടി എസ് ബി | ഇല്ല |
| 9 | 450250500 | ഓൾഡ് പിഡി | 29797.36 |
| 10 | 450250900 | എസ് ടി എസ് ബി-799011400007362 | ഇല്ല |
| 11 | 450410500 | കാനറ ബാങ്ക്-എൻയുഎൽഎം-110005388093 | ഇല്ല |
| 12 | 450410600 | കാനറ ബാങ്ക്-10081005380 | ഇല്ല |
| 13 | 450410800 | ഇന്ത്യൻ ബാങ്ക് സ്വനിധി-7637288 1978 | ഇല്ല |
| 14 | 450420900 | ഐസിഐസിഐ-ഐഇസി-074201002265 | ഇല്ല |
| 15 | 450220100 | ധനലക്ഷ്മി ബാങ്ക്-1124 | 2922697.13 |

2023-24 ൽ ഒരു ട്രാൻസാക്ഷനെങ്കിലും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, 31/3/24 ൽ നീക്കിയിരിപ്പ് ഉള്ള അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് എന്നിവയാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ്, ബാങ്ക് റീകൺസീലിയേഷൻ പത്രിക സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 24, തീയതി. 18/1/25)

**1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.**

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകകൾ ആർക്കൊക്കെയാണ് തിരികെ നല്കാനുള്ളത് എന്ന് രേഖപ്പെടുത്തി നീക്കിയിരിപ്പ് കണക്കാക്കിയിട്ടില്ല. ഓരോ വർഷത്തെയും നീക്കിയിരിപ്പ് തുകകൾ ആർക്കൊക്കെയാണ് തിരികെ നല്കാനുള്ളത് എന്ന് രേഖപ്പെടുത്തി, സംക്ഷിപ്തം തയ്യാറാക്കി, ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 7 മായി പൊരുത്തപ്പെടുത്തി, സാക്ഷ്യപ്പെടുത്തി, ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

**1-1-11 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 18 പ്രകാരമുള്ള അഡ്വാൻസ് തുകകളെ സംബന്ധിക്കുന്ന മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ വിവിധ ഉദ്ദേശ്യങ്ങൾക്കായി ജീവനക്കാർക്കും സ്ഥാപനങ്ങൾക്കും നല്കുന്ന മുൻകൂർ തുകകളെ സംബന്ധിക്കുന്ന മുൻകൂർ രജിസ്റ്റർ തയ്യാറാക്കി, വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-12 ഗ്രാന്റ് ബാധ്യത- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി ഗ്രാന്റ് നിക്ഷേപത്തിന് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുന്നില്ല .**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4,ബി-2 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ പൊതുവായ ബാധ്യത ശീർഷകങ്ങളിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. അതായത് ഒന്നിലധികം പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഒരു ബാധ്യത ശീർഷകത്തിൽ ബാധ്യത വരവായി ബുക്ക് ചെയ്തിട്ടുണ്ട്. ഓരോ പ്രത്യേകോദ്ദേശ്യ ഗ്രാന്റും ഏതിനത്തിൽ ലഭിച്ചു, അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് എന്നിവയും അവയുടെ ചെലവും രേഖപ്പെടുത്തി ഗ്രാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ ഗ്രാന്റിലുമുള്ള നീക്കിയിരിപ്പ് തുക കണക്കാക്കി ബുക്ക് ചെയ്ത പൊതു ശീർഷകത്തിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടിയിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 17.13 പ്രകാരം ഫോം ജി-1 മാതൃകയിൽ ഗ്രാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടിയിരുന്നതും ഖണ്ഡികയിലെ 17.61 (ബി)(സി) എന്നിവ പ്രകാരം ലെഡ്ജർ, ഗ്രാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്). മാത്രമല്ല തനത് ഫണ്ടിൽ നിക്ഷേപിച്ച ഗുണഭോക്തൃവിഹിതവും ഏത് പ്രോജക്റ്റിന് ലഭിച്ചു, ചെലവ് ,ബാക്കി എന്നിവ കണക്കാക്കിയിട്ടില്ല. മേൽപ്രകാരം താഴെ ചേർത്തിരിക്കുന്ന ഗ്രാന്റുകളുടെ വിനിയോഗ കണക്കുകൾ നഗരസഭ കണക്കാക്കിയിട്ടില്ലാത്തതിനാൽ സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നില്ല.

| ശീർഷകം | തുക |
|---|---|
| 320100100 -പ്രത്യേകോദ്ദേശ്യ ഗ്രാന്റ്- കേന്ദ്ര സർക്കാർ | 19532194/- |

| | |
|---|---|
| 3202001100- പകർച്ചവ്യാധി നിയന്ത്രണം | 39037/- |
| 320801000-ഗുണഭോക്തൃവിഹിതം | 1540970/- |
| 320802000- പ്രോജക്റ്റുകൾക്കുള്ള ഗ്രാന്റ് | 185780/- |
| 320809700- പകർച്ചവ്യാധി നിയന്ത്രണം -സംഭാവന | 5500/- |
| 320809900- മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 14276187/- |
| 311710100- എംപി/ എംഎൽഎ ഫണ്ട് | 20000/- |

**1-1-13 പ്രത്യേകോദ്ദേശ്യങ്ങൾക്കായി മാറ്റി വയ്ക്കപ്പെടുന്ന ഫണ്ടുകൾ- തത്തുല്യമായ ബാങ്ക് അക്കൌണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-2 പ്രകാരം പ്രത്യേകോദ്ദേശ്യങ്ങൾക്കായി മുനിസിപ്പൽ ഫണ്ടിൽ നിന്നും മാറ്റി വയ്ക്കുന്ന തുകകൾക്ക് തത്തുല്യമായ തുക ഇതിനായി തുടങ്ങിയ ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ഫണ്ടുകളിൽ ചെലവഴിക്കാൻ 31/3/24 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകൾക്ക് തത്തുല്യമായ തുക നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ഏതെന്ന് വ്യക്തമല്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി17ൽ ഈ തുകകൾക്ക് തത്തുല്യമായ നീക്കിയിരിപ്പുള്ള ബാങ്ക് അക്കൗണ്ടുകൾ കാണുന്നില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുണ്ട്. ഷെഡ്യൂൾ ബി2 പ്രകാരമുള്ള നീക്കിവയ്ക്കപ്പെട്ട ഫണ്ടുകൾ ചുവടെ ചേർക്കുന്നു.

| ഫണ്ടുകൾ | 31/3/24 ലെ നീക്കിയിരിപ്പ് |
|---|---|
| 311100100-ദാരിദ്ര്യ നിർമാർജ്ജന ഫണ്ട് | 12797/- |
| 311110100-മുനിസിപ്പൽ ചെയർമാന്റെ ദുരിതാശ്വാസ ഫണ്ട് | 18519/- |
| 311700100- കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ഫണ്ട് | 3757224/- |

**1-1-14 ബാലൻസ്ഷീറ്റ് -രേഖകളില്ലാത്ത ബാധ്യത നീക്കിയിരിപ്പ്**

31.03.24 ലെ ബാലൻസ്ഷീറ്റ് പ്രകാരം താഴെ ചേർത്തിരിക്കുന്ന ബാധ്യതകൾ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2023-24 ലെ ലെഡ്ജർ പരിശോധിച്ചെങ്കിലും മുൻവർഷങ്ങളിലെ ട്രാൻസാക്ഷൻ ആണെന്നും തൻവർഷം ട്രാൻസാക്ഷൻ ഇല്ല എന്നും കാണുകയുണ്ടായി. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ബാധ്യതകൾ യഥാർത്ഥത്തിൽ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

| ശീർഷകം | തുക |
|---|---|
| 330500100- ലോൺ ഫ്രം ബാങ്ക് | 15000/- |
| 341300100-ഡെപ്പോസിറ്റ് വർക് അദ്വേന്‍സ് | 257686/- |

**1-1-15 റീകൺസിലിയേഷൻ അക്കൗണ്ടിംഗ് രീതികൾക്ക് അനുസൃതമല്ലാതെ പൊരുത്തപ്പെടുത്തി**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ റീകൺസീലിയേഷൻ പത്രികകൾ അക്കൗണ്ടിംഗ് തത്വങ്ങൾക്കോ നിലവാരങ്ങൾക്കോ അനുസൃതമല്ലാതെയാണ് പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

1. പാസ്സ്ബുക്കും ബാങ്ക്ബുക്കും തമ്മിലുള്ള വ്യത്യാസം പരിഹരിക്കുന്നതിന് ഒരേ വൗച്ചർ പ്രകാരമുള്ള തുക തന്നെ കൂട്ടുകയും കുറയ്ക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണത്തിന് ചെക്ക് ഇഷ്യൂ ചെയ്തത് മാറാത്തതായി രേഖപ്പെടുത്തി തുക കുറയ്ക്കുകയും അതേ ചെക്ക് വിവരങ്ങൾ ചേർത്ത് ഡെപ്പോസിറ്റ് ചെയ്ത് ക്യാഷ് ചെയ്യാത്തതായി രേഖപ്പെടുത്തി അതേ തുക കൂട്ടുകയും ചെയ്ത് ബാങ്ക് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തുന്നു. ഇത്തരത്തിൽ പൊരുത്തപ്പെടുത്തിയ ബാങ്ക് റീകൺസീലിയേഷൻ പത്രികകളുടെ വിവരങ്ങളും ഒരേസമയം കൂട്ടുകയും കുറയ്ക്കുകയും ചെയ്ത തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ബാങ്ക് | ഒരേ സമയം കൂട്ടുകയും കുറയ്ക്കുകയും ചെയ്ത തുക |
|---|---|
| 450210100- എസ് ബി ടി തനത് ഫണ്ട് | 10587/- |
| 450210700- എസ് ബി ടി തനത് ഫണ്ട്- | 409200 & 15593.58 |

| | |
|---|---|
| 57060103898 | |
| 450210600-കേരള ഗ്രാമീൺ ബാങ്ക് | 80700/- |
| 450610100 – കാനറ ബാങ്ക് – 110049992885 | 29194/- |
| 450210400- എസ് ബി ഐ – 775 | 277800 & 401500 |
| 450220500-കാത്തലിക് സിറിയൻ ബാങ്ക് – 0167 – 04002866 – 190001 | 1040/- |
| 450230100- എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 82500/- |
| 450250800-എൽജിടിഎസ്ബി – ജനറൽ പർപ്പസ് ഗ്രാന്റ് -799013000000918 | 958867/- |

2. ഇതിന് പുറമെ 450210900 - എസ് ബി ഐ പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ – 37741642680 എന്ന ശീർഷകത്തിലുള്ള ബാങ്കിന്റെ നീക്കിയിരിപ്പ് പാസ്സ്ബുക്ക് പ്രകാരം 20,78,147.35 രൂപ ആണ്. എന്നാൽ റീകൺസീലിയേഷൻ പ്രകാരം ബാങ്ക് പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 20,78,168/- ആയി രേഖപ്പെടുത്തി ഈ തുകയിലേയ്ക്കാണ് പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

ഈ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 24, 27, 31 തീയതി. 18/1/25, മറുപടി ലഭിച്ചിട്ടില്ല)

### 1-1-16 വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ട പത്രികകൾ ഉൾപ്പെടുത്തിയിട്ടിയില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 58 (ഇ) (എഫ്))

### 1-1-17 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എല്ലാ വാർഡുകളിലെയും വർഷാന്ത്യ തുകകൾ കണക്കാക്കി സംക്ഷിപ്തം ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ വസ്തു നികുതി, ലൈബ്രറിസെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്, അഡ്വാൻസ് ക്രമീകരിച്ചത്, ബാക്കി, മുൻകൂർ ലഭിച്ചത്, മുൻകൂർ ലഭിച്ച തുകയിൽ ക്രമീകരിച്ച ശേഷം ബാക്കി തുക എന്നിവ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-18 IBPMS മുഖേനയുള്ള പെർമ്മിറ്റ് വരവിന് പ്രത്യേക ബാങ്ക് അക്കൌണ്ട് സൂക്ഷിച്ചില്ല

ബിൽഡിംഗ് പെർമ്മിറ്റുമായി ബന്ധപ്പെട്ട് IBPMS സോഫ്റ്റ് വെയർ മുഖേന ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകളുടെ ഫീസ്, അപേക്ഷാ ഫീസ് എന്നിവ നേരിട്ട് നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. ഇന്റർമീഡിയറി അക്കൗണ്ടിൽ വരുന്ന തുക ബൾക്ക് പോസ്റ്റിംഗ് ആയാണ് നഗരസഭയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നത്. നഗരകാര്യ വകുപ്പ് ഡയറക്ടർ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും അയച്ച 22-03-2021 ലെ ഡി.സി.2-8941/15 നമ്പർ കത്തിൽ IBPMS ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നഗരസഭകളോടും ടി ആവശ്യത്തിലേക്കായി എസ്.ബി.ഐ - യുടെ ശാഖയിൽ കറണ്ട് അക്കൗണ്ട് എടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ അങ്കമാലി നഗരസഭയുടെ വരവ് അങ്കമാലി എസ്.ബി.ഐ ശാഖയിൽ 37741642680 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് സ്വീകരിക്കുന്നത്. എന്നാൽ ഇതേ അക്കൗണ്ടിലാണ് വസ്തുനികുതി ഓൺലൈൻ വരവും നഗരസഭ സ്വീകരിക്കുന്നത്. IBPMS നഗരസഭയിൽ നടപ്പിലാക്കി 2024 ഡിസംബർ വരെയുള്ള സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നീ ഇനങ്ങളിലായി ആകെ 27,06,312.33/- രൂപ വരവ് വന്നിട്ടുള്ളതായി കാണുന്നു.

| സാമ്പത്തിക വർഷം | ആപ്ലിക്കേഷൻ ഫീസ് | പെർമിറ്റ് ഫീസ് |
|---|---|---|
| 2021-22 | 3810 | 80546.525 |
| 2022-23 | 4570 | 1,05,282.56 |
| 2023-24 | 1,89,050 | 23,60,698.27 |
| 2023- 2024 ഡിസംബർ 31 വരെ | 20,310 | 22,591.50 |
| ആകെ | 2,17,740 | 24,88,572.33 |

IBPMS മുഖേന നഗസരഭക്ക് ലഭിക്കേണ്ട ബിൽഡിംഗ് പെർമിറ്റ് ഫീസ് സംബന്ധിച്ച് യാതൊരു കണക്കും സൂക്ഷിച്ചിട്ടില്ല. ടി വരവിന് പ്രത്യേകം ബാങ്ക് അക്കൌണ്ടും സൂക്ഷിച്ചിട്ടില്ല. ബാങ്ക് അക്കൌണ്ടിൽ ബൾക്ക്

പോസ്റ്റിംഗ് മുഖേനയാണ് തുക ലഭിക്കുന്നത്. മറ്റ് വരവുള്ള ബാങ്ക് അക്കൌണ്ടിൽ IBPMS മുഖേന ലഭിക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ സംബന്ധിച്ച് നഗരസഭ കണക്ക് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ IBPMS മുഖേന വരവ് വന്ന പെർമിറ്റ് തുകകൾ പൂർണ്ണമായി നഗരസഭയുടെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭ്യമായോ എന്നത് പരിശോധിക്കാനായില്ല. ആയത് ഉറപ്പ് വരുത്തി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റുകളുടെ വരവുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

IBPMS സോഫ്റ്റ്‌വെയർ മുഖേന കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ/രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ(3/24.02.2025) നൽകിയെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയില്ല.

1. Intelligent Building Plan Management System (IBPMS) സോഫ്റ്റ്‌വെയർ വഴി പെർമിറ്റ് ഫീസ് ഈടാക്കുവാനായി പ്രത്യേക ബാങ്ക് അക്കൌണ്ട് 37741642680 ആരംഭിച്ചതു മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ബാങ്ക് പാസ് ബുക്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല (ഓരോ സാമ്പത്തിക വർഷം തിരിച്ച്).

### 1-2 ബജറ്റ്

അങ്കമാലി നഗരസഭയുടെ 2023-24 ലെ ബജറ്റ് 21.03.2023 തീയതിയിലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 07.02.2024 തീയതിയിലെ 2(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2023-2024 ലെ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെ വരവ് | 56,37,14,975 | 55,19,48,942 |
| ചെലവ് | 52,00,74,094 | 45,30,97,719 |

### 1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പിൽ 20/- രൂപയുടെ വ്യത്യാസമുണ്ട്. ആയത് സംബന്ധിച്ച ഖണ്ഡിക 1-1-6 ൽ പരാമർശിച്ചിട്ടുണ്ട്.

| | |
|---|---|
| 01.04.2023 ലെ മുന്നിരിപ്പ് | ₹ 6,65,08,234.39 |
| തൻ വർഷത്തെ വരവ് | ₹ 22,06,24,876.00 |
| ആകെ | ₹ 28,71,33,110.39 |
| തൻ വർഷത്തെ ചെലവ് | ₹ 22,05,00,356.00 |
| 31.03.2024 ലെ നീക്കിയിരിപ്പ് | ₹ 6,66,32,754.39 |

ഈ പത്രികയിലെ വരവ്-ചെലവുകൾ നഗരസഭയുടെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,54,81,000 കുറയ്ക്കുക സ.ഉ (കൈ)179/22 തീ 18.10.22 പ്രകാരം കുറവ് ചെയ്തത് 2,54,810 =2,52,26,190 | 2,52,26,190 | 2,18,23,293 | 0 | 34,02,897 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 58,26,000 | 58,26,000 | 28,79,999 | 0 | 29,46,001 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,50,75,350 | 1,50,75,350 | 45,86,402 | 0 | 1,04,88,948 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,32,80,000 | 1,32,80,000 | 79,31,350 | 0 | 53,48,650 |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 1,05,55,082 | 60,51,500 +ബാങ്ക് പലിശ 906173 =6957673 | 2,65,90,255 | 14,92,556 | 54,65,117 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 90,77,500 | | 50,75,069 | 1,45,57,513 | 0 |
| വികസന ഫണ്ട് (കെഎസ്ഡബ്യൂഎംപി) | 0 | 2955998 | 2955998 | 21063 | 0 | 2934935 |
| വികസന ഫണ്ട് (കെഎസ്ഡബ്യൂഎംപി) | 0 | 266896 | 266896 | 9027 | 0 | 257869 |

**കുറിപ്പ്-**

1. മറ്റ് ഗ്രാന്റുകൾ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് പൊതുവായ ശീർഷകങ്ങളിലാണ്. അതായത് ഒന്നിലധികം പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഒരു ബാധ്യത ശീർഷത്തിൽ ബാധ്യത വരവായി ബുക്ക് ചെയ്തിട്ടുണ്ട്. ആയതിനാൽ ഓരോ പ്രത്യേകോദ്ദേശ്യ ഗ്രാന്റും ഏതിനത്തിൽ ലഭിച്ചു , അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ട് എന്നിവയും അവയുടെ ചെലവും രേഖപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഗ്രാന്റുകളുടെ ഓരോന്നിന്റെയും വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. ഖണ്ഡിക 1-1-12 കൂടി കാണുക.

2. പദ്ധതി വിവരങ്ങളുടെ ചെലവ് കണക്കുകൾ തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നുള്ള റിപ്പോർട്ട്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ആകെ ചെലവ് 1,19,57,200/- രൂപയാണ്. എന്നാൽ വാർഷികകണക്ക് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള ആകെ ചെലവ് 65,67,625/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 274 | 51,29,76,521 | 269 | 8,41,97,340 | 98 | 44 | 132 | 35.76 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|
| 10,822 | 97,26,975 (പലിശ ഉൾപ്പെടെ) | 97,37,797 | 96,85,574 | 52,223 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 45,80,800 | 392 |
| വിധവാ പെൻഷൻ | 1,34,04,800 | 1210 |
| വാർദ്ധക്യകാല പെൻഷൻ | 3,27,94,400 | 3166 |
| വികലാംഗ പെൻഷൻ | 40,20,200 | 357 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 7,73,600 | 74 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 മണി സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹78498/-യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

1. പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മരാമത്ത് പ്രോജക്ടുകളിൽ ഒഴികെ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല:-

നഗരസഭയുടെ 1966-67 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതിനാലാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം നഗരസഭ പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3. ലക്ഷങ്ങൾ മുടക്കി നഗരസഭ ആരംഭിച്ച പല പദ്ധതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. 18 ലക്ഷത്തിൽ കൂടുതൽ മുതൽ മുടക്കിൽ പണിത ഓർഗാനിക് വേസ്റ്റ് കൺവർട്ടറിൽ നിന്നും പദ്ധതിയിൽ വിഭാവനം ചെയ്ത അളവിലും ഗുണത്തിലും വളം ലഭിക്കുന്നില്ല.

4. ടൗൺഹാൾ ഡിപിആറിനായി 2019-20 കാലഘട്ടം മുതൽ ആകെ 32 ലക്ഷത്തോളം തുക ചെലവഴിച്ചെങ്കിലും പദ്ധതി നടപ്പാക്കാനാവാത്ത സാഹചര്യമാണ്.

5. ഹൈവേയിലുണ്ടായിരുന്ന ബസ് ഷെൽറ്റർ പൊളിക്കാൻ കൗൺസിൽ തീരുമാനിച്ചത് നിലവിൽ ഹൈക്കോടതിയിൽ കേസിലേക്ക് നയിക്കുന്ന സാഹചര്യമുളവാക്കിയിട്ടുണ്ട്. കൗൺസിൽ തീരുമാനങ്ങളെടുക്കുമ്പോൾ നഗരസഭയുടെ ഫണ്ടിന് നഷ്ടം വരാത്ത തരത്തിൽ തീരുമാനങ്ങൾ എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. ഫയലുകളിൽ പലതിലും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി വർഷം തിരിച്ച് കൃത്യമായല്ല സൂക്ഷിക്കുന്നത്. അതുകൊണ്ട് തന്നെ ഫയൽ പരിശോധനയിൽ സമയ നഷ്ടം സംഭവിക്കുന്നു.

**1-10 മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ**

നഗരസഭയിലെ ഖരമാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. നഗരസഭയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ ഉൾപ്പെട്ട അങ്കമാലി നഗരസഭയുടെ വിസ്തീർണ്ണം 20.40 ചതുരശ്ര കിലോമീറ്റർ ആണ്. 2011 ലെ സെൻസസ് പ്രകാരം 32476 ജനസംഖ്യയുള്ള നഗരസഭയിൽ ആകെ 30 വാർഡുകളാണ് ഉള്ളത്. ആകെ ആൾതാമസമുള്ള വീടുകൾ 10,401 എണ്ണമാണ്. 3332 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. ഇവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്. 2019-ലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. 30 വാർഡുകളിലായി ആകെ 42 അംഗങ്ങളാണ് നിലവിൽ നഗരസഭയിലെ ഹരിത കർമ്മസേനയിലുള്ളത്.

1. മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പഴയ ചെരിപ്പ്, ബാഗ്, തുകൽ, അപ്ഹോൾസ്റ്ററി വസ്തുക്കൾ | ജനുവരി, ഏപ്രിൽ |
| കണ്ണാടി, കുപ്പി, ഗ്ലാസ്സ്, ചില്ല് | ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ |
| ഇ-മാലിന്യം-(ട്യൂബ് ലൈറ്റ്, സി.എഫ്.എൽ, ബാറ്ററി ഉൾപ്പെടെ), മരുന്ന് സ്ട്രിപ്പുകൾ | മാർച്ച്, ജൂൺ, ഡിസംബർ |
| പഴയ ചെരിപ്പ്, ബാഗ്, തെർമ്മോക്കോൾ | ജൂലൈ, ഒക്ടോബർ |
| മരുന്ന് സ്ട്രിപ്പുകൾ, തുണി | സെപ്റ്റംബർ |

തയ്യാറാക്കിയ കലണ്ടർ പ്രകാരം ഏറെക്കുറെ മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു എം.സി.എഫ്. കെട്ടിടം നിലവിലുണ്ട്. വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഇവിടെ എത്തിച്ച് വേർതിരിച്ചാണ് മാലിന്യനീക്കം നടക്കുന്നതെന്നാണ് അറിയിച്ചത്. മാലിന്യശേഖരണത്തിന് വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്.കൾ മിക്കവയും കാട്ടുപിടിച്ച് ഉപയോഗശൂന്യമായ നിലയിലാണ്.

റീസൈക്ലിംഗ്

പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ലഭിക്കുന്ന മിക്സഡ്/ലെഗസി വേസ്റ്റുകളിൽ നിന്നും റീസൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങൾ വേർതിരിക്കുന്നുണ്ട്. സ്വാപ് ഷോപ്പുകൾ പോലുള്ള മറ്റ് സംവിധാനങ്ങളൊന്നും നിലവിൽ ഇല്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹരിതസഭ, കുട്ടികളുടെ ഹരിതസഭ, ഹരിത കർമ്മസേനയ്ക്കൊപ്പം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ ഒരു വർഷം 12,096തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹34,59,532/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 10% കൺസോർഷ്യത്തിൽ നൽകി ബാക്കി 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 40 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹12,000/-മുതൽ ₹13,000/-വരെയാണ് പ്രതിമാസം വരുമാനമായി ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് വേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് രണ്ട് വാഹനങ്ങൾ നിലവിലുണ്ട്. ( കെ.എൽ.63H- 8268, കെ.എൽ.63C- 4216). വാഹനം ഓടിക്കുന്നതിന് രണ്ട് താൽക്കാലിക ഡ്രൈവർമാരെ നഗരസഭയിൽ നിന്നും നിയമിച്ചിരിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾ ആരും ഡ്രൈവിംഗ് രംഗത്തേക്ക് വന്നിട്ടില്ല.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്. പരാതികൾ ലഭിക്കുന്ന മുറക്ക് വാർഡിന്റെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലം പരിശോധിച്ച് നോട്ടീസ് നൽകുകയും പിഴ ഈടാക്കാറുമുണ്ട്. കൂടാതെ ആഴ്ചയിൽ ഒന്നുവീതം ഡേ-നൈറ്റ് സ്ക്വാഡുകൾ നടത്തി നിയമലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് നിരീക്ഷിക്കാൻ പ്രധാന മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, ഹരിതമിത്രം ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്ക് 3 ദിവസത്തെ 'കപ്പാസിറ്റി ബിൽഡിംഗ്'' പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ മാസവും സംശയനിവാരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.പി.പി.ഇ കിറ്റുകൾ, ഗ്ലൗസുകൾ മുതലായവ ഉപയോഗിക്കുവാൻ പരിശീലനം നൽകിയിട്ടുണ്ട്.

നിയമങ്ങൾ പാലിക്കൽ

പൊതുജനങ്ങളുടെ സഹകരണക്കുറവ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകാറുണ്ട്. മാലിന്യം വലിച്ചെറിയുന്ന പ്രവണത പല സ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഹരിതമിത്രം ആപ്പ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമായിട്ടില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ ഇതിന്റെ അവസ്ഥാവിശകലനം നടത്താറുണ്ട്. ഒരു വാർഡിൽ 2 അംഗങ്ങൾ വേണമെന്ന മാനദണ്ഡം പാലിക്കാനാവശ്യമായ അംഗങ്ങൾ നിലവിലില്ല. 30 വാർഡുകൾക്കായി ആകെ 42 പേരാണ് നിലവിൽ ഹരിതകർമ്മസേനാംഗങ്ങളായുള്ളത്.

നേട്ടങ്ങൾ/പുരസ്കാരങ്ങൾ

നഗരസഭയിലെ ഹരിതകർമ്മസേനക്ക് എടുത്തുപറയാവുന്ന പുരസ്കാരങ്ങളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് ആർ.ആർ.എഫ്. കം എം.സി. എഫ്. ആയി ഉപയോഗിച്ചുവരുന്നത്. വാർഡ് 20ൽ അയ്യായിപ്പാടം ഭാഗത്താണ് എം.സി. എഫ് പ്രവർത്തിക്കുന്നത്. ആർ.ആർ.എഫ്. കം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ ആയാണ് കെട്ടിടം പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം വേർതിരിക്കാൻ പര്യാപ്തമായ സ്ഥലസൗകര്യം കുറവാണ്. ജി.ഒ(ആർ.ടി)നം 912/2024/ത.സ്വ.ഭ.വ തീയതി 25.05.2024 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എം.സി.എഫ് കളുടെ പ്രവർത്തന നടപടിക്രമം( Standard Operating Procedure-SOP) സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിച്ച കെട്ടിടമായതിനാൽ പ്രസ്തുത ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6.1 ൽ എം.സി.എഫ് കളുടെ ഘടന എപ്രകാരമാകണമെന്ന് നിഷ്കർഷിക്കുന്നു. സൂചിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കത്തക്കവിധം ആർ.ആർ.എഫ്./എം.സി.എഫ് നവീകരിക്കാൻ ശ്രമങ്ങളുണ്ടാകേണ്ടതാണ്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിച്ച അജൈവ മാലിന്യം തിരുവോണം എക്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്. ഈ സ്ഥാപനവുമായി 26.06.2024 ൽ ഉണ്ടാക്കിയ കരാർ പ്രകാരം കിലോ ഗ്രാമിന് ₹6.60 എന്ന നിരക്കിൽ ഇതിനായി കമ്പനിക്ക് നൽകുന്നുണ്ട്. മാലിന്യം കാലതാമസം കൂടാതെ നീക്കം ചെയ്യാൻ സാധിക്കുന്നുണ്ട്. ആയതിനാൽ തന്നെ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകുന്നില്ല.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന ആർ.ആർ.എഫ്. കം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന് സംഭരണശേഷി കുറവാണ്. എന്നിരുന്നാലും മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥയില്ല.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഫസ്റ്റ് എയ്ഡ് കിറ്റ്, എന്നിവ ലഭ്യമാക്കിയിരുന്നു.

5. ശുചിത്വമാനദണ്ഡങ്ങൾ

കഴുകി വൃത്തിയാക്കി ഉണക്കി സൂക്ഷിക്കുന്ന അജൈവ മാലിന്യങ്ങൾ ആണ് വീടുകളിൽ നിന്നും ശേഖരിക്കുന്നത്. മാലിന്യം നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പരിസരത്ത് മലിനീകരണ പ്രശ്നങ്ങളൊന്നും നിലവിലില്ല.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

തിരുവോണം എക്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് മാലിന്യം കൈമാറുന്നത്. യഥാസമയം മാലിന്യം കൈമാറുന്നുണ്ട്. റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്ന വാഹനം ജി.പി.എസ് ഘടിപ്പിച്ചതായിരിക്കണം, ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ഭാരം പരിശോധിച്ച് മാലിന്യം യഥാസമയം നീക്കം ചെയ്യേണ്ടതാണെന്നും കരാർ വ്യവസ്ഥയിലുണ്ട്. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

സാമ്പത്തിക പുരോഗതിയോടൊപ്പം നഗരവത്ക്കരണവും സംഭവിച്ചതിന്റെ ഫലമായി ഉയർന്നുവന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വർദ്ധിച്ച ഉപയോഗവും മാലിന്യ സംസ്കരണം ദുഷ്കരമാക്കി. ഈ സാഹചര്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ സ്കൂൾതലം മുതൽ നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. പാതയോരങ്ങളും പൊതു ഇടങ്ങളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന്

പൊതുജനാവബോധം വളർത്തുന്നതിനായി ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്. മാലിന്യ സംസ്കരണ പ്രക്രിയയിൽ തൊഴിൽ സൃഷ്ടിക്കലും കൂടി ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. മാലിന്യപ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, തുണി കൊണ്ടുള്ള ക്യാരിബാഗ് ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

**1-11 വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല.**

1) കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ) നമ്പർ 77/2023/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ അങ്കമാലി നഗരസഭയിലെ പുതുക്കിയ വസ്തുനികുതി നിരക്ക് നഗരസഭ വാർഡ് കൗൺസിൽ 30-09-2023 തീയതിയിലെ 2-ാം നമ്പറായി അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, നഗരസഭയുടെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 30-09-2023 വരെ പഴയ നിരക്കിലാണ് നഗരസഭ വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് /ച.മീ | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക്/ച.മീ |
| 1 | 30/119 / A | 3462.28 | 28-10-2023 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 40 | ലോഡ്ജ്, ഹോട്ടൽ, മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്ററിന് മുകളിൽ | 60 |
| 2 | 28/153/A | 525.41 | 03/05/2023 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 80 | വാണിജ്യാവശ്യത്തിനു പയോഗിക്കുന്നവ - 500 ച.മീറ്റർ മുകളിൽ | 90 |
| 3 | 15/6/D | 3151.87 | 11/10/2023 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 40 | ലോഡ്ജ്, ഹോട്ടൽ, മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്ററിന് മുകളിൽ | 60 |
| 4 | 28/552/B | 112.48 | 27-09-2023 | പാർപ്പിടാവശ്യം | 8 | സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ - 300 ച.മീ വരെയുള്ളവ | 9 |
| 5 | 7/836/A | 299.9 | 17/11/2023 | പാർപ്പിടാവശ്യം | 8 | പാർപ്പിടാവശ്യത്തിനു പയോഗിക്കുന്നവ - സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ - 300 ച.മീ വരെയുള്ളവ | 9 |
| 6 | 15/276/B | 46.86 | 24/08/2023 | വാണിജ്യാവശ്യത്തിനുള്ളവ | 50 | വാണിജ്യാവശ്യത്തിനു | 55 |

| | | | | | | |
|---|---|---|---|---|---|---|
| | | | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | | പയോഗിക്കുന്നവ – 100 ച.മീറ്റർ വരെയുള്ളവ | |

2)2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 40,602,717/- രൂപയാണ്. ആകെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | തുക |
|---|---|---|
| 1 | വസ്തു നികുതി കുടിശ്ശിക (തൻവർഷം) | 10,664,801 |
| 2 | വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്) | 29,937,916 |
| | ആകെ | 40,602,717 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/17-01-2025), 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം നിലവിൽ സോഫ്റ്റ് വെയറിൽ ക്രമീകരിച്ചിട്ടില്ലാത്തതിനാലാണ് മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കാനാവാതിരുന്നതെന്നും സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കുന്നതിന് ഐ.കെ.എം ന് കത്ത് നൽകുന്നതാണെന്നും ആയത് സാധ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമായി. മേൽ സൂചിപ്പിച്ച വിഭാഗം കെട്ടിടങ്ങൾക്ക് സർക്കാർ വിജ്ഞാപനം , നഗരസഭയുടെ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച് അസസ്സ്മെന്റ് വിവരങ്ങളിൽ രേഖപ്പെടുത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-11-1 2024 ജനുവരി 1 മുതൽ കെ-സ്മാർട്ടിലെ പെർമിറ്റ്, വസ്തു നികുതി ഫയലുകൾ പരിശോധിക്കാനായിട്ടില്ല.**

തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് കെ-സ്മാർട്ട്. 2024 ജനുവരി 1 മുതൽ കെ-സ്മാർട്ട് നഗരസഭകളിലും കോർപ്പറേഷനുകളിലും നിലവിൽ വന്നു. ആയതിനാൽ 2024 ജനുവരി 1 മുതലുള്ള പുതിയ കെട്ടിടങ്ങളുടെയും പെർമിറ്റുകളുടെയും വിവരങ്ങൾ കെ - സ്മാർട്ടിലാണ് ചേർത്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി നിർണ്ണയത്തിനായി ഉപയോഗിച്ചു കൊണ്ടിരുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറായ സഞ്ചയയിൽ REPORT ൽ NEW BUILDINGS, SUPPLIMENTARY ASSESSMENT REGISTER എന്നീ ഓപ്ഷനുകൾ മുഖേന പുതിയ കെട്ടിടങ്ങൾ Filter ചെയ്ത് Search ചെയ്യാനാകുമെങ്കിലും കെ- സ്മാർട്ടിലെ ഓഡിറ്റർ ലോഗിനിൽ അപ്രകാരമുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ നിലവിലില്ല. കെ-സ്മാർട്ടിലെ REPORTS ൽ BUILDING LIST REPORTS മുഖേന ഓരോ വാർഡിലെയും എല്ലാ കെട്ടിടങ്ങളുടെയോ/ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലോ കെട്ടിടങ്ങളുടെ റിപ്പോർട്ട് ലഭ്യമാകുമെങ്കിലും ആയതിൽ പ്രസ്തുത വാർഡിലെ എല്ലാ കെട്ടിടങ്ങളും/പ്രസ്തുത ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. സഞ്ചയയിലേതുപോലെ ഒരു പ്രത്യേക കാലയളവിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ജനറേറ്റ് ചെയ്യുവാൻ സാധിക്കുന്നില്ല. വസ്തുനികുതി മാന്വൽ രജിസ്റ്റർ നിലവിൽ നഗരസഭയിൽ തയ്യാറാക്കുന്നില്ല. ആയതിനാൽ 2024 ജനുവരി 1 മുതൽ 2024 മാർച്ച് 31 വരെ കെ-സ്മാർട്ടിൽ ചേർത്ത പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിക്കാനായില്ല. സഞ്ചയയിൽ BUILDING SEARCH ൽ Functionality ഓപ്ഷൻ മുഖേന നഗരസഭയിലെ എല്ലാ വാർഡിലേയും കെട്ടിടങ്ങൾ ഒരു സമയത്ത് ഉപയോഗക്രമം പ്രകാരം Filter ചെയ്ത് Search ചെയ്യാനാകുമായിരുന്നെങ്കിലും കെ – സ്മാർട്ടിൽ ഓരോ വാർഡിലേയും കെട്ടിടങ്ങൾ പ്രത്യേകമായി SEARCH ചെയ്യാനുള്ള ഓപ്ഷൻ മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ 30 വാർഡുകളുള്ള നഗരസഭയിൽ കെ-സ്മാർട്ടിൽ Building Search മുഖേന കെട്ടിടങ്ങൾ ഇപ്രകാരം തിരയുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. BUILDING SEARCH ഓപ്ഷൻ സുഗമമാക്കുന്നതിനും സഞ്ചയയിൽ നിലവിൽ ലഭ്യമായിരുന്ന രീതിയിലുള്ള കൂടുതൽ വിവരങ്ങളടങ്ങിയ റിപ്പോർട്ടുകൾ കെ-സ്മാർട്ടിലും ലഭ്യമാകുന്നതിനും ഐ.കെ.എം ആയി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെ-സ്മാർട്ടിലെ ഓഡിറ്റർ ലോഗിനിൽ ബിൽഡിംഗ് പെർമിറ്റ് ലേബലിൽ സർവ്വീസുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2024 ജനുവരി 1 മുതൽ അനുവദിച്ച പെർമിറ്റുകളുടെ പരിശോധന സാധ്യമായിട്ടില്ല.

**1-12 തൊഴിൽ നികുതി അപാകതകൾ**

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ

തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മൗണ്ട് താബോർ പബ്ലിക് സ്കൂൾ | I & II |
| 2 | പ്രോമി പൈപ്പ് | I & II |
| 3 | കെ.ജി ഹോസ്പിറ്റൽ | I & II |
| 4 | ഹെഡ്വേഴ്സ് ഇന്റർ നാഷണൽ അക്കാദമി | I & II |
| 5 | വി കെയർസ് ഡെന്റൽ ക്ലിനിക് | I & II |
| 6 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് ലിമിറ്റഡ് | I & II |
| 7 | കൃഷ്ണ ഫുഡ് ലാൻഡ് സൂപ്പർമാർക്കറ്റ് | I & II |
| 8 | അർബൻ കോപ്പറേറ്റീവ് മെഡിക്കൽ ഷോപ്പ് | I & II |
| 9 | പി.ജെ.ജെ ഇന്റർനാഷണൽ ഫ്രൂട്ട്സ് | I & II |
| 10 | സെൻട്രൽ എക്സൈസ് | II |
| 11 | അന്തപ്പിള്ളി പ്ലാന്റേഷൻസ് | I & II |
| 12 | ന്യൂമാൻസ് അക്കാദമി | I & II |
| 13 | കാർത്തിക ഹോമിയോ ക്ലിനിക് | I & II |
| 14 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ | I & II |
| 15 | എൻ. റ്റി. സി നിധി | I & II |
| 16 | മൂലൻസ് എന്റർപ്രൈസസ് | I & II |
| 17 | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ് | I |
| 18 | ജൻ ഔഷധി | I & II |
| 19 | കൊച്ചിൻ ഇന്റർനാഷണൽ ലാൻഗ്വേജ് അക്കാദമി | I & II |
| 20 | ഹോപ്പ് ലൈഫ് ഇൻഷുറൻസ് | I & II |
| 21 | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് | II |
| 22 | ഖാദി ഗ്രാമോദ്യോഗ് ഭവൻ | I & II |
| 23 | ശക്തി ഫാർമസ്യൂട്ടിക്കൽസ് | I & II |
| 24 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | II |
| 25 | ഡാനിയേൽ ക്ലിനിക്കൽ ലാബ് | I & II |

2)തൊഴിൽ നികുതി രജിസ്റ്ററിലെ 7,5,25 വാർഡുകളിലെ സ്ഥാപന തൊഴിൽ നികുതി (Institutions/Professionals /Traders) അടവാക്കിയത് സംബന്ധിച്ച പരിശോധനയിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധവർഷ നികുതി (Institutions/Professionals/Traders) | വാർഡ് |
|---|---|---|---|---|
| 1 | ന്യൂ പ്രോട്ടീമ സ്പോർട്ട്സ് | I & II | 450 | 7 |
| 2 | അന്ന ഫിനാൻസ് | I & II | 1250 | ” |
| 3 | ഗോൾഡ് ജ്വല്ലറി | I & II | 750 | ” |
| 4 | കൊച്ചിൻ ഇന്റർനാഷണൽ സർവീസസ് | I & II | 750 | ” |
| 5 | ഹോട്ടൽ പ്രസിഡന്റ് | II | 1250 | ” |
| 6 | എം.ജെ സ്റ്റോർസ് | II | 1250 | ” |
| 7 | യൂണിയൻ ബാങ്ക് | I & II | 1250 | ” |
| 8 | കാനറ ബാങ്ക് | I & II | 1250 | 25 |
| 9 | ആലപ്പാട്ട് ഏജൻസീസ് | I & II | 1250 | ” |
| 10 | ഗ്രീൻ ലൈൻ കേരള ട്രാവൽസ് | I & II | 1000 | ” |

| | | | | |
|---|---|---|---|---|
| 11 | പനക്കൽ സ്കിൻ കോസ്മെറ്റോളജിക്കൽ ക്ലിനിക് | II | 1250 | 5 |
| 12 | അപ്പോളോ ഫാർമസീസ് | I & II | 600 | ” |

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/13-01-2025) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച എല്ലാ മേഖലകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 വിനോദ നികുതി – അപാകതകൾ

2023-24 വർഷത്തിലെ അങ്കമാലി നഗരസഭയുടെ വിനോദ നികുതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വിനോദനികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യത പരിശോധിക്കുന്നതിനായി 2023 മാർച്ച് മുതൽ 2024 ജനുവരി & 2024 മാർച്ച് മാസങ്ങളിലെ ഡിമാന്റ് കളക്ഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. 2024 ഫെബ്രുവരി മാസത്തിലെ ഡിസിബി മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

2) 2023 ഏപ്രിൽ മാർച്ച് മാസങ്ങളിലെ വിനോദ നികുതി അടച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റസീപ്റ്റ് നമ്പറുകൾ ലഭ്യമല്ല. തുക അടച്ചിട്ടുണ്ടെങ്കിൽ രസീത് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3) 2023 ജൂൺ & ജൂലൈ മാസങ്ങളിലെ വിനോദനികുതി അടച്ചിട്ടില്ല.

4) നഗരസഭയുടെ 2023-24 വർഷത്തിലെ അക്കൗണ്ട്സ് പ്രകാരം ₹20,49,956/- വിനോദ നികുതി ലഭിച്ചിട്ടുണ്ടെങ്കിലും നഗരസഭയുടെ വിനോദ നികുതിയുടെ രജിസ്റ്ററിൽ ₹17,25,936/- കളക്ഷൻ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17-01-2025) മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ വാടക - കുടിശ്ശിക നിലനിൽക്കുന്നു

2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളുടെ പാലനവും വാടക പിരിവിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**1. കുടിശ്ശിക ഈടാക്കിയിട്ടില്ല**

2023-24 സാമ്പത്തിക വർഷാവസാനം മുൻവർഷ കുടിശ്ശിക ₹5,18,838/-ഉം തൻവർഷ കുടിശ്ശിക ₹18,57,687/-ഉൾപ്പെടെ ആകെ ₹23,76,525/- കെട്ടിട വാടക ഇനത്തിൽ കുടിശ്ശികയുണ്ട്. നിലവിലെ കുടിശ്ശിക തുകയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് വിശദാംശങ്ങൾ ഹാജരാക്കുന്നതിനും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനും സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/14.01.2025) കുടിശ്ശിക തുകയിൽ ₹8,48,114/- ലഭിച്ചിട്ടുള്ളതാണെന്നും ബാക്കി തുക പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. കുടിശ്ശിക ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**2. നിയമാനുസൃത മുദ്രപത്രത്തിൽ വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല**

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. 2023-24 വർഷം 165 വാടകക്കാരിൽ 86 വാടകക്കാരുമായി കരാർ ചമച്ചിട്ടുണ്ട്. കേരള ഫിനാൻസ് ആക്റ്റ്, 2015 പ്രകാരവും 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിലെ ഷെഡ്യൂളിലെ ക്രമ നം. 5(ജി) എന്നിവ പ്രകാരവും എഗ്രിമെന്റുകൾക്കുള്ള മിനിമം സ്റ്റാമ്പ് ഡ്യൂട്ടി 200 രൂപയാണെന്നിരിക്കെ 79 മുറികളുടെ വാടകക്കാരുമായി കരാർ ചമക്കാത്തതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | പേര് | വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ/ സ്റ്റാളുകളുടെ എണ്ണം | കരാർ ചമച്ചിട്ടില്ലാത്ത വാടകക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പഴയ നഗരസഭ ഓഫീസ് കെട്ടിടം | 12 | 4 |
| 2 | പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 20 | 6 |
| 3 | മാർക്കറ്റ് കെട്ടിടം (പി-സെക്ഷൻ) | 10 | 3 |
| 4 | മാർക്കറ്റ് കെട്ടിടം (എം-സെക്ഷൻ) | 24 | 14 |
| 5 | മാർക്കറ്റ് കെട്ടിടം (എഫ്-സെക്ഷൻ) | 24 | 12 |

| | | | |
|---|---|---|---|
| 6 | മാർക്കറ്റ് കെട്ടിടം (FFV-സെക്ഷൻ) | 23 | 11 |
| 7 | മാർക്കറ്റ് കെട്ടിടം (V-സെക്ഷൻ) | 26 | 15 |
| 8 | ലോഡ്ജ് കം ഷോപ്പിംഗ് കോംപ്ലക്സ് | 22 | 10 |
| 9 | ബസ് സ്റ്റാന്റ് കോംപ്ലക്സ് | 4 | 4 |
| | ആകെ | 165 | 79 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ കെട്ടിടമുറികളുടെ ലൈസൻസികൾക്ക് നോട്ടീസ് നൽകി എഗ്രിമെന്റ് ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആയത് ഹാജരാക്കുന്ന പക്ഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)കരാറുകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുനിസിപ്പൽ സെക്രട്ടറി വാടക കരാറിൽ ഏർപ്പെടുന്നതിലേക്കായി ഒപ്പ് രേഖപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിച്ചതായി കാണുന്നില്ല. വാടക കാലയളവ്, മാസവാടക, ആദ്യഗഡു തീയതി, എന്നിവയും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| | ലോഡ്ജ് കം ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | ആനി ദേവസ്സി | GF 2 |
| 2 | എസ് ഒ കുര്യാക്കോസ് | GF 3, FF 6 |
| 3 | ബെന്നി കുര്യാക്കോസ് | GF 4, 5, 6 |
| 4 | എ.കെ അശോകൻ | FF-9 |
| | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് | |
| 1 | ശ്രീകുമാർ എൽ | 484 I |
| 2 | റോസിലി റാഫേൽ | 484 D |
| 3 | ബോബി കെ ഇമാനുവേൽ | 484 F |
| 4 | സ്റ്റാൻലി എ ആന്റണി | 484 G, 160 E |
| 5 | ഫിലിപ്പ് പി വി | 162 C |

തൻവർഷങ്ങളിലെ എഗ്രിമെന്റ് പൂർണ്ണമായി പൂരിപ്പിച്ച ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ഓഡിറ്റ് നിർദേശങ്ങൾ

1) കുടിശികയുള്ള വാടകക്കെട്ടിടങ്ങളുടെ വാടകയും, ബാധകമായ ജി.എസ്.റ്റിയും പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) എല്ലാ വാടകക്കാരുമായി നിർദിഷ്ട മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ (മുനിസിപ്പൽ സെക്രട്ടറി) വാടക കരാറിൽ ഏർപ്പെടുന്നതിലേക്കായി ഒപ്പ് രേഖപ്പെടുത്തി, മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിക്കേണ്ടതാണ്.

3) കെട്ടിട നമ്പർ, ലേലം നടന്ന തീയതി, വാടകക്കാലയളവ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, മാസവാടക അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

4) വാടകയുടെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടക സംബന്ധിച്ച എല്ലാ വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-15 ഇ ടെണ്ടർ ഫീ- മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല- വാർഷികകണക്കിൽ ചേർത്തില്ല**

1. ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അങ്കമാലി എസ് ബി ഐ ബാങ്ക് ശാഖയിൽ തുടങ്ങിയ 77065896601 നമ്പർ സേവിങ്ങ്സ് അക്കൗണ്ട് പ്രകാരം 31/3/24 ലെ നീക്കിയിരിപ്പ് 289771.50 രൂപയാണ്. എന്നാൽ ഈ തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് നാളിതു വരെ അടവാക്കിയിട്ടില്ല. ആയത് ഉടൻ നഗരസഭ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 31/3/24 ലെ ബാലൻസ് ഷീറ്റിൽ ടെണ്ടർ ഫീ ഇനത്തിൽ തുകയൊന്നും കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ലഭ്യമാകുന്ന തുക സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പ്രതിമാസ റിപ്പോർട്ട് ലഭ്യമാക്കി ഈ തുക വാർഷികകണക്കിൽ വരുമാനമായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ളതായും രേഖപ്പെടുത്തൽ വരുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ ഈ തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 25 /തീയതി. 18.01.25, മറുപടി നൽകിയിട്ടില്ല)

**1-16 ക്യു ആർ കോഡ്- ജി പേ എന്നിവയിലൂടെ ലഭിയ്ക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ട്- ഫെഡറൽ ബാങ്ക് അക്കൗണ്ട്- റീകൺസീലിയേഷൻ പത്രിക പ്രകാരം 16,42,954 രൂപ ക്രെഡിറ്റ് വന്നിട്ടില്ല**

നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ ക്യു ആർ കോഡ്- ജി പേ എന്നിവയിലൂടെ നഗരസഭ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് ഫെഡറൽ ബാങ്കിൽ അക്കൗണ്ട് നമ്പർ 10020100540661 ആയി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31/3/24 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 25/01/24 മുതൽ 31/3/24 വരെ ഈ രീതിയിൽ ലഭിച്ച 16,42,954/- രൂപ നാളിതുവരെ ബാങ്കിൽ ക്രെഡിറ്റ് ആയില്ല എന്ന് രേഖപ്പെടുത്തി ബാങ്ക് റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയതായി കാണുന്നു. ക്യൂആർ കോഡ് സ്കാൻ ചെയ്ത് നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അടവാക്കുന്ന തുകയായതിനാൽ ഈ തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നതിന് ഇത്രയും കാലതാമസം ആവശ്യമില്ലാത്തതാണ്. ആയതിനാൽ ഇത് സംബന്ധിച്ച് ബാങ്കുമായി ബന്ധപ്പെട്ട് അടിയന്തിരമായി പരിശോധന നടത്തേണ്ടതും തുടർനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 28 / തീയതി. 18/1/24,മറുപടി നൽകിയിട്ടില്ല))

**1-17 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വാണിജ്യ-വ്യവസായ ലൈസൻസ് അനുവദിച്ചു**

2023-24 സാമ്പത്തിക വർഷത്തെ സഞ്ചയ സോഫ്റ്റ് വെയറിലെ ലൈസൻസ് അപേക്ഷകൾ, വസ്തു നികുതി വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പാർപ്പിടാവശ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. ഏതാനുംചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | സഞ്ചയ(വസ്തുനികുതി) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം | ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | 19/231 | ബേബി സ്റ്റോഴ്സ് | പാർപ്പിടാവശ്യം | 130193012301552 |
| 2 | 19/260 | ജോസ് ബ്രദേഴ്സ് | പാർപ്പിടാവശ്യം | 130193012200797 |
| 3 | 9/200 | ബൈക്ക് പാലസ് | പാർപ്പിടാവശ്യം | 130193012301708 |
| 4 | 5/558/A5 | ആപ്പിൾ പ്രിന്റേഴ്സ് | കെട്ടിട നമ്പർ നിലവിലില്ല | 130193012300456 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.01.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 / തീയതി. 18.01.2025 ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

ലൈസൻസ് പുതുക്കുന്ന/പുതുതായി എടുക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പറുകൾ ലൈസൻസ് അപേക്ഷ പരിശോധന വേളയിൽ കെ-സ്മാർട്ട് മുഖേന കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കേണ്ടതും തെറ്റായ ഉപയോഗക്രമത്തിൽ ഉള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

**1-18 നഗരസഭ പരിധിയിലെ പോളുകളുടെ വാടക - കുടിശ്ശിക നിലനിൽക്കുന്നു**

I) അങ്കമാലി നഗരസഭ പരിധിയിൽ റിലയൻസ് ജിയോ ഇൻഫോകോമിന് ബഹു.കൌൺസിലിന്റെ 31.10.2019 ലെ 7-ാം നമ്പർ തീരുമാനം പ്രകാരം 60 ജിയോ പോളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും 22.11.2019 ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിൽ എല്ലാ വർഷവും നവംബർ മാസം 22 മുമ്പായി 30,000/- രൂപ വാർഷിക വാടക ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 2019 നവംബർ മാസം ടി തുക ഒടുക്കിയതിനു ശേഷം 2020 നവംബർ, 2021 നവംബർ മാസങ്ങളിലെ വാടക പിഴപ്പലിശ(3400/-) അടക്കം ഒടുക്കുന്നതിനും കരാർ പുതുക്കുന്നതിനും 17.03.2022 ൽ നോട്ടീസ് നൽകിയിന്റെ അടിസ്ഥാനത്തിൽ 60,000/- രൂപ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ വാടക യഥാസമയം ഒടുക്കാതിരുന്നതിനാൽ ഉണ്ടായിട്ടുള്ള പിഴപ്പലിശ 3400/- രൂപയും 2022 നവംബർ മാസത്തിന് (2022-23 വർഷത്തെ) മുമ്പ് ഒടുക്കേണ്ട 30000/- രൂപയും ആയതിന്റെ പിഴപ്പലിശ അടക്കം ആകെ 34,800/- രൂപ നഗരസഭയിൽ ഒടുക്കുന്നതിനും 22.11.2019 ചമച്ച കരാർ പുതുക്കുന്നതിനും 26.05.2023 തീയതിയിൽ R3-1775/2021 നമ്പറായി സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ മേൽ കുടിശ്ശികയും 2023 നവംബർ മാസത്തെ വാടകയും (5% വാർഷിക വർദ്ധനവ് ഉൾപ്പെടെ)

പലിശയുമടക്കം ആകെ 73645/- രൂപ അടവാക്കുവാൻ 05.07.2024 ലും നഗരസഭ സ്ഥാപനത്തിന് നോട്ടീസ് നൽകിയതായി ഫയലിൽ കാണുന്നു.

1. മേൽ പരാമർശിച്ച തുക സ്ഥാപനം അടവാക്കിയിതായി കാണുന്നില്ല. ആയതിന്മേൽ നഗരസഭ സ്വീകരിച്ച നടപടികൾ രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. റിലയൻസ് ജിയോ ഇൻഫോകോമുമായുള്ള കരാർ പുതുക്കിയിട്ടില്ല. കരാർ പുതുക്കുന്നതിനുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**II)** നിലവിൽ നഗരസഭ പരിധിയിൽ പോളുകൾ സ്ഥാപിക്കുന്നതിനായി നഗരസഭ ഭരണസമിതി അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളും ഓരോ സ്ഥാപനവും സ്ഥാപിച്ചിട്ടുള്ള പോളുകളുടെ എണ്ണവും ഹാജരാക്കേണ്ടതാണ്. നഗരസഭ പരിധിയിൽ ഓരോ സ്ഥാപനവും സ്ഥാപിച്ചിട്ടുള്ള പോളുകളുടെ എണ്ണം, ഓരോ വർഷവും വാടക ഈടാക്കേണ്ട മാസം, വാടക, കുടിശ്ശിക, എഗ്രിമെന്റ് പുതുക്കേണ്ട തീയതി എന്നീ വിവരങ്ങൾ നഗരസഭ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അപ്രകാരം ഒരു ഡാറ്റാ ബേസ് ഇല്ലാത്തതിനാൽ നഗരസഭ പരിധിയിൽ ഏതൊക്കെ സ്ഥാപനങ്ങൾ പോളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നോ എത്ര എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നോ എന്ന പരിശോധന സാധ്യമായിട്ടില്ല. മേൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മേൽ അന്വേഷണങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/17.01.2025) മറുപടി ലഭ്യമാക്കിയില്ല.

## 1-19 ക്വാർട്ടേഴ്സ് ഉപയോഗിച്ചു - വീട്ടുവാടക ബത്ത കിഴിവ് ചെയ്തില്ല

ഫയൽ നമ്പർ - R3-10786/23

നഗരസഭ വക ക്വാർട്ടേഴ്സ് ജീവനക്കാർക്ക് അനുവദിക്കുന്ന വിഷയത്തിൽ കൃത്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച കാണുന്നില്ല എന്നും ഇക്കാരണത്താൽ ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന ജീവനക്കാരുടെ വീട്ടുവാടക ബത്ത ഈടാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും മേൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

12.9.22 മുതൽ 31.1.23 വരെ നഗരസഭ സെക്രട്ടറി ആയിരുന്നത് ശ്രീ ശ്രീരാഗ് എം എസ് ആണ്. ടിയാളുടെ ശമ്പള ബില്ലുകളുടെ പകർപ്പ് നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ടിയാൾ നഗരസഭ വക ക്വാർട്ടേഴ്സ് ഉപയോഗിച്ചിട്ടുണ്ട്. 2023 ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പള ബില്ലുകളുടെ പകർപ്പ് ടിയാൾ അയച്ചുതന്നത് പരിശോധിച്ചതിൽ ശമ്പള ബില്ലിൽ നിന്നും ക്വാർട്ടേഴ്സ് എച്ച് ആർ എ കിഴിവ് ചെയ്യാതെയാണ് ശമ്പളം എടുത്തിരിക്കുന്നത്.

കൂടാതെ 2019 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 50200- 105300 സ്കെയിൽ മുതൽ മുകളിലേക്കുള്ളവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 2% വീട്ടുവാടകയായി ഈടാക്കേണ്ടതുണ്ട്. ടിയാളുടെ ശമ്പള സ്കെയിൽ 55200-115300 ആണ് . എന്നാൽ 2% വാടകയും ശമ്പള ബില്ലിൽ ഈടാക്കിയിട്ടില്ല. വൈദ്യുതി ചാർജ്ജും വാട്ടർ ചാർജ്ജും കാലങ്ങളായി നഗരസഭയാണ് അടവാക്കുന്നത്. നിലവിലും ഈ തുകകൾ നഗരസഭ അടവാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ആരൊക്കെയാണ് നിലവിൽ ക്വാർട്ടേഴ്സ് ഉപയോഗിക്കുന്നതെന്നോ ഇവരുടെ എച്ച് ആർ എ ഈടാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

നഗരസഭയിൽ പുതിയതായി വന്ന സെക്രട്ടറിക്ക് താമസിക്കാനായി ഗ്രീൻ ഗാർഡനിലെ വീട്ടിൽ വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവശ്യപ്പെട്ടതനുസരിച്ച് ഗ്യാസ് കണക്ഷൻ, 2 ബെഡുകൾ മുതലായവ വാങ്ങുന്നതിന് രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ അരുൺകുമാർ Pw4 സെക്ഷനിലേക്ക് അപേക്ഷ നൽകുകയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 12.9.2022 – ലെ Pw4-10560/22 നമ്പർ ഉത്തരവ് പ്രകാരം ശ്രീ അരുൺകുമാറിനെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 15.9.22 – ൽ ഗ്യാസ് കണക്ഷൻ പുതിയതായി ഇൻസ്റ്റാൾ ചെയ്യുകയും 16.3.2023 -ൽ 2 ബെഡുകൾ വാങ്ങുകയും ചെയ്തതിന് ചെക്ക് നമ്പർ 101512/24.8.2023 നമ്പർ സി എസ് ബി ചെക്ക് പ്രകാരം ആകെ 18814 രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്രട്ടറി ക്വാർട്ടേഴ്സ് എന്ന് മുതലാണ് ഉപയോഗിച്ചു തുടങ്ങിയതെന്ന് ഫയലിൽ ഇല്ലെങ്കിലും ക്വാർട്ടേഴ്സ് ഉപയോഗിച്ചിട്ടുണ്ടെന്ന് മേൽപ്പറഞ്ഞതിൽനിന്ന് വ്യക്തമാണ്. ക്വാർട്ടേഴ്സ് ആരൊക്കെ ഏതൊക്കെ കാലയളവിൽ ഉപയോഗിക്കുന്നുണ്ടെന്ന വിവരങ്ങൾ നഗരസഭാ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

സെക്രട്ടറി ഉപയോഗിച്ച കാലയളവ് കണക്കാക്കി ടിയാളിൽനിന്ന് ഈടാക്കാതിരുന്ന വീട്ട് വാടക ബത്തയും അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടകയും ഈടാക്കേണ്ടതാണ്. ടിയാളുടെ ശമ്പള ബില്ലുകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈടാക്കേണ്ട തുക കണക്കാക്കാനായിട്ടില്ല.

## 1-20 നാഷണൽ ഹൈവേ അതോറിറ്റിയുടെ കൈവശത്തിലുള്ള സ്ഥലത്തുള്ള ഒരു ബസ് ഷെൽട്ടർ

**പൊളിച്ചുനീക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തു**

ഫയൽ നമ്പർ PW1- 11835/23

അങ്കമാലി എസ്ബിഐ ക്ക് മുന്നിലുള്ള അശാസ്ത്രീയമായി നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രം ആ ഭാഗത്ത് ഗതാഗത കുരുക്കിന് കാരണമാകുന്നതിനാൽ ആയത് പൊളിച്ച് മാറ്റണമെന്ന് പോലീസിൽനിന്നും മോട്ടോർ വാഹന വകുപ്പിൽനിന്നും ആവശ്യപ്പെട്ട് വരുന്നതാണ് എന്നും അതിനായി 23000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അംഗീകരിക്കുന്നതായും 30.11.23 – ൽ 12 -ാം നമ്പറായി നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ മേൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം ആവശ്യപ്പെട്ടുകൊണ്ട് പോലീസിൽനിന്നും മോട്ടോർ വാഹന വകുപ്പിൽനിന്നുമുള്ള കത്തുകൾ കാണുന്നില്ല. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സെക്രട്ടറി 7.11.23 – ൽ നൽകിയ ഒരു കത്ത് മാത്രമാണ് ഫയലിൽ ഉള്ളത്. ആയതിൽ എസ് ബി ഐക്ക് മുന്നിൽ ബസ് കാത്തിരിപ്പ് കേന്ദ്രം അശാസ്ത്രീയവും അപകടകരവും ഗതാഗത കുരുക്ക് ഉണ്ടാകുന്നതിന് കാരണമാകുന്നതായും ദേശീയ പാതയിലെ ഗതാഗതം തടസ്സപ്പെടുന്നതിന് ഇടവരുത്തുന്നതായും ജോസ് ജ്വല്ലറിക്ക് മുൻപിലാണ് ട്രാഫിക് അഡ്വൈസറി കമ്മിറ്റി തീരുമാനപ്രകാരമുള്ള ബസ് സ്റ്റോപ്പ് അനുവദിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഏറെ ഉയരത്തിൽ തറനിരപ്പ് കൂട്ടിയും ഫുട്പാത്ത് തടസ്സപ്പെടുത്തിയും റോഡിലേക്ക് തള്ളി നിൽക്കുന്ന ഈ ബസ് കാത്തിരിപ്പ് കേന്ദ്രം അടിയന്തിരമായി നീക്കം ചെയ്യുന്നതിനും ടിയാൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരുപാട് വർഷങ്ങളായി ഈ ബസ് കാത്തിരിപ്പ് കേന്ദ്രം അവിടെയുണ്ട്. അതിനുമുൻപിലാണ് ബസ്സുകൾ നിർത്തിയിരുന്നതും. മാത്രമല്ല മുൻ കാലയളവിലൊന്നും പോലീസിൽ നിന്നും മോട്ടോർ വകുപ്പിൽ നിന്നും ഇത് പൊളിച്ചു മാറ്റണമെന്ന നിർദ്ദേശം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ ഭാഗത്ത് നിന്നും ഇപ്രകാരം ഒരു പരാതി ഉണ്ടായിട്ടില്ല.

എസ് ബി ഐ ക്ക് മുന്നിലുള്ള ഈ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് മുന്നിൽ തന്നെയാണ് ബസ്സുകൾ ആദ്യകാലങ്ങളിൽ മുതൽ നിർത്തിയിരുന്നത്. അതുകൊണ്ടുതന്നെ ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഏതു സമയം മുതലാണ് ജോസ് ജ്വല്ലറിക്ക് മുൻപിൽ സ്റ്റോപ്പ് അനുവദിച്ചതെന്ന് ഫയലിൽ ഇല്ല. വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ കാത്തിരിപ്പ് കേന്ദ്രം അശാസ്ത്രീയമാണ് എന്നത് അത് നിർമ്മിച്ച സമയത്ത് വ്യക്തമാക്കാതെ ഇപ്പോൾ പൊളിച്ചുകളയാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ഈ കാത്തിരിപ്പ് കേന്ദ്രം മുഴുവനായും നീക്കം ചെയ്തതിനുശേഷം ഈ നൂറ്റാണ്ടിൽ ഏറ്റവും ചൂട് കൂടിയ വർഷമായ 2024 -ലെ കൊടും വേനലിൽ ബസ് കാത്തിരിപ്പ് കേന്ദ്രം ഇല്ലാത്ത അവസ്ഥയായിരുന്നു. ഇക്കാര്യം നഗരസഭ പരിഗണിച്ചതായി കാണുന്നില്ല.

ഈ ബസ് ഷെൽറ്റർ നഗരസഭ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ ഏതാനും മീറ്ററുകൾ മാറി മെയിൻ ജംഗ്ഷന് കുറച്ചുകൂടി അടുത്തായിട്ടാണ് ബസ്സുകൾ നിർത്തുന്നത്. ശ്രീ വി. ബോവൻ ചെറിയാൻ വർക്കി എന്നയാൾ ഈ കാത്തിരിപ്പ് കേന്ദ്രം പൊളിച്ചതിനും ബസ് സ്റ്റോപ്പ് നീക്കി ടിയാളുടെ വീടിനും സ്ഥാപനത്തിനും മുൻപിലാക്കിയതിന് എതിരായി നഗരസഭയെക്കൂടി കക്ഷി ചേർത്ത് WP(C) 24476/2024നമ്പർ പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ് നടത്തിപ്പിനായി നഗരസഭ അഡ്വ. സി എസ് അജിത് പ്രകാശിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കോടതി വ്യവഹാരങ്ങൾക്കായി നഗരസഭയുടെ ഫണ്ടിൽനിന്നാണ് തുക നൽകേണ്ടി വരുന്നത്. നഗരസഭ നിർമ്മിച്ചതാണോ എന്ന് ഉറപ്പില്ലാത്ത, നാഷണൽ ഹൈവേ അതോറിറ്റിയുടെ കൈവശത്തിലുള്ള സ്ഥലത്തുള്ള ഒരു ബസ് ഷെൽട്ടർ പൊളിച്ചുനീക്കുന്നതിന് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സെക്രട്ടറിയുടെ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ കൗൺസിലിൽ തീരുമാനമെടുത്തതിനാലാണ് ഇപ്രകാരം കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കിയത്. തൻവർഷം ഈയിനത്തിൽ ചെലവില്ലെങ്കിലും കോടതിയിൽ കേസ് തുടരുന്ന സാഹചര്യം ഉണ്ടായാൽ അത് നഗരസഭയുടെ ഫണ്ടിൽനിന്നും നൽകേണ്ട സാഹചര്യമാണുള്ളത്. കൗൺസിലിന്റെ തീരുമാനം ആണ് ഇപ്രകാരം ഒരു സാഹചര്യത്തിലേക്ക് നയിച്ചത്.

**1-21 സ്ഥലം വാങ്ങൽ - ഒരിക്കൽ നൽകിയ ഓഫറിൽനിന്നും കൂടിയ തുക ഉടമസ്ഥൻ ആവശ്യപ്പെട്ടത് നൽകി**

ഫയൽ നമ്പർ - പി1-1463/22, പ്രോജക്ട് നമ്പർ – 248

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021- 22 വർഷത്തിൽ പീച്ചാനിക്കാട് ഒന്നാം വാർഡിൽ സ്ത്രീ വികസന കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആകെ 20,00,000/- ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. തൻ വർഷം 248/23 നമ്പർ ആയി ഈ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിനായി സ്ഥലം ലഭ്യമാക്കുവാൻ തയ്യാറുള്ള ഉടമകളിൽ നിന്ന്

പത്രപരസ്യം മുഖേന ഓഫർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ വർഗീസ് ടി പി , തേലപ്പിള്ളി, പുളിയനം പി ഒ എന്നയാൾ 28.2.22 – ൽ ബ്ലോക്ക് 11 – ൽ റീസർവ്വേ നമ്പർ 32/81, 32/9 എന്നിവ പ്രകാരമുള്ള 7.66 സെന്റ് സ്ഥലം ഗവണ്മെന്റ് നിശ്ചയിക്കുന്ന വില പ്രകാരം തരുവാൻ താൽപ്പര്യപ്പെടുന്നു എന്നും സ്ഥലം എടുക്കണം എന്നും ആവശ്യപ്പെട്ട് 28.2.22- ൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത് പ്രകാരം സ്ഥലത്തിന്റെ വില നിശ്ചയിച്ച തരാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി 15.3.22 – ൽ പി1-1468/11 നമ്പർ ആയി ഫോർട്ട് കൊച്ചി ആർഡിഒ – ക്ക് കത്ത് നൽകി. പ്രസ്തുത ഓഫീസിൽനിന്നും ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആലുവ തഹസിൽദാർ 3.2.23 -ൽ (കത്ത് നമ്പർ എച്ച് - 350/23) ഒരു ആർ സ്ഥലത്തിന് 5,80,878/- രൂപയായി സ്ഥലവില നിശ്ചയിച്ച നൽകി. ഇതനുസരിച്ച് ഒരു സെന്റ് സ്ഥലത്തിന് 235173/- രൂപയാണ് ചെലവാക്കേണ്ടത്. ഇതിനുശേഷം ശ്രീ വർഗീസ് ഒരു സെന്റ് സ്ഥലത്തിന് 2.50 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് 21.6.23 -ൽ സെക്രട്ടറിക്ക് കത്ത് നൽകി. നെഗോഷ്യേഷൻ നടത്തിയിട്ടും ടിയാൾ വില കുറക്കുന്നില്ലെന്ന് കാണിച്ച് ഒരു സെന്റ് സ്ഥലത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ ടിയാൾക്ക് സ്ഥലവിലയായി നൽകാൻ 30.9.23 -ലെ 11 -ാം നമ്പർ പ്രകാരം കൗൺസിൽ ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്.

27.10.23 – ൽ പി1-1463/23 നമ്പർ കത്ത് പ്രകാരം സെന്റിന് 2.50 ലക്ഷം രൂപ നിരക്കിൽ 3ആർ 36 സ്ക്വയർ മീറ്റർ വസ്തുവിന് വില നിശ്ചയിച്ച നൽകാൻ അങ്കമാലി വില്ലേജ് ഓഫീസറോട് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ നിർണ്ണയിച്ച നൽകിയ അളവായ 3.36 ആർ (8.30 സെന്റ്) വസ്തുവിന് 2.50 ലക്ഷം രൂപ നിരക്കിൽ 20,75,000/- രൂപയും തഹസിൽദാർ നിശ്ചയിച്ച വില പ്രകാരം 19,51,750/- രൂപയും വില വരുമെന്ന് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം സെന്റിന് 2,50,000/- രൂപ നിരക്കിലാണ്, ആകെ 2075000/- രൂപക്ക് 25.03.2024 ൽ 3.36 ഏക്കർ സ്ഥലം ആധാരം ചെയ്ത് വാങ്ങുകയും 23-24 വർഷത്തിൽ 9,00,456/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 463299/27.03.2024 പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട. സർക്കാർ നിശ്ചയിക്കുന്ന വിലയിൽ സ്ഥലം നൽകാൻ തയ്യാറാണെന്ന് ടിയാൾ നേരത്തെ അറിയിച്ചിരുന്നതാണ്. അതിൽ നിന്നും വിഭിന്നമായി സർക്കാർ നിശ്ചയിച്ചതിലും കൂടുതൽ വില ടിയാൾ ആവശ്യപ്പെടുകയും കൺസിൽ അത് അംഗീകരിച്ച നൽകുകയും ചെയ്തു.

സർക്കാർ നിശ്ചയിച്ച നൽകിയ നിരക്കിൽ സ്ഥലം വിട്ടുനൽകാമെന്ന് ശ്രീ വർഗീസ് തന്നെയാണ് നഗരസഭക്ക് കത്ത് നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ നഗരസഭ ലഭ്യമാക്കുകയും ലീഗൽ ഒപ്പീനിയനു വേണ്ടി 3000/- രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തു മെയിൻ റോഡിൽ നിന്നും ഉൾപ്രദേശത്തുള്ളതാണ്. ടിയാൾ തന്നെയാണ് ഓഫർ നൽകിയത്. നഗരസഭ ആവശ്യപ്പെട്ടതല്ല. ഒരിക്കൽ നൽകിയ ഓഫർ പ്രകാരം വില നൽകുന്നതിന് പകരം ടിയാൾ വീണ്ടും ഉയർന്ന വില ആവശ്യപ്പെട്ടത് നൽകിയത് അംഗീകരിക്കാനാവില്ല. 123250/- രൂപ അധികമായാണ് നൽകിയത്.

നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം ഒരിക്കൽ നൽകിയ ഓഫറിൽനിന്നും കൂടിയ തുക ഉടമസ്ഥൻ ആവശ്യപ്പെട്ടപ്പോൾ ടിയാളെ ഒഴിവാക്കി വ്യാപക പരസ്യം നൽകി സ്ഥലം വാങ്ങുന്നതിനു പകരം ടിയാൾ ആവശ്യപ്പെട്ട അതേ വിലക്ക് തന്നെ സ്ഥലം വാങ്ങിയത് അപാകതയാണ്.

**1-22 <u>അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല</u>**

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം മുതലുള്ള തുകകൾ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നമ്പർ /തീയതി | തുക | ഇനം | തുക കൈപ്പറ്റിയ ആൾ |
|---|---|---|---|
| 75-6/22, | 5000 | ബർത്ത് & ഡെത്ത് സെക്ഷനിലെ ടോയ്‌ലെറ്റിൽനിന്നും വേസ്റ്റ് നീക്കം ചെയ്യൽ | സരിത എം എൽ, ജെ എച്ച് ഐ 1 |
| 49-8/22 | 200000 | സ്വാതന്ത്ര്യ ദിനാഘോഷം | ഉമാദേവി പി ബി, ജെ എച്ച് ഐ 2 |
| 52-11/22 | 100000 | കേരളോത്സവം | ,, |
| 31-4/23, 5.4.23 | 4000 | വൃക്ഷ ശിഖരങ്ങൾ വെട്ടിമാറ്റൽ | സരിത എം എൽ , ജെ എച്ച് ഐ 1 |
| 30-4/23, 5.4.23 | 3500 | ,, | ,, |
| 65-/23, 13.4.23 | 10000 | പ്രീ മൺസൂൺ ക്ലീനിംഗ് | ,, |
| 97-7/23, 25.7.23 | 30000 | വൃക്ഷ ശിഖരങ്ങൾ വെട്ടിമാറ്റൽ | സന്തോഷ് കുമാർ, |

| | | | |
|---|---|---|---|
| | | | എച്ച് ഐ 2 |
| 10-11/23, 3.11.23 | 8000 | സി എഫ് ടെസ്റ്റ് - കെ എൽ 63- 3926 ആംബുലൻസ് | ജയശ്രീ പി എച്ച് 2 |
| 11-11/23.11.2023 | 2000 | സി എഫ് ടെസ്റ്റ് - കെ എൽ 63- ഡി 2038 ആംബുലൻസ് | ,, |
| 125-12/23, 29.12.23 | 27000 | സ്നേഹാരാമം പ്രോജക്ട് അഡ്വാൻസ് | അനില ഒ കെ, ജെ എച്ച് ഐ 2 |
| 91-1/24,23.1.24 | 12000 | റിപ്പബ്ലിക് ഡേ സെലിബ്രേഷന് - അഡ്വാൻസ് | നിത്യ സി എൻ, ജെ എച്ച് ഐ |
| 68-2/24, 16.2.2024 | 10000 | ഹെൽത്ത് & വെൽനസ്സ് സെന്റർ ഉദ്ഘാടനം | അനില ഒ.കെ.ജെ, എച്ച് ഐ 2 |
| 27-3/24,2.3.24 | 25000 | ഉണ ഭോക്തൃസംഗമം | പ്രകാശ് Z , അനില ഒ കെ , എച്ച് ഐ 1 |

ക്രമീകരിക്കാൻ ബാക്കിയുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരള ഫിനാൻഷ്യൽ കോഡ് വോള്യം I 99(2) പ്രകാരം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

### 1-23 സ്വന്തമല്ലാത്ത സ്ഥലത്ത് ടൗൺ ഹാൾ പണിയുന്നതിന് ഡി പി ആർ തയ്യാറാക്കാൻ വൻതുക ചെലവഴിച്ചത് നഷ്ടമായി

ഫയൽ നമ്പർ - PW 2- 1125/18 & PW 1 8130/19

നഗരസഭയിൽ 20 കോടി രൂപ ചെലവിൽ ഒരു ടൗൺ ഹാൾ നിർമ്മിക്കുന്നതിന് ഡിപിആർ തയ്യാറാക്കുന്നതിനായി 2019-20 വർഷത്തിൽ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയെ ചുമതലപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന്റെ ധനാഗമസ്രോതസ്സായി നഗരസഭ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത് 4 കോടി രൂപ തനത് ഫണ്ടും 16 കോടി രൂപ ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുമാണ്.

പോലീസ് സ്റ്റേഷനോട് ചേർന്നുള്ള അങ്കമാലി വില്ലേജ്, ബ്ലോക്ക് 11, റീസർവ്വേ 414/1 414/15, - ൽ പ്പെട്ട സ്ഥലത്ത് ആണ് ടൗൺ ഹാൾ പണിയുന്നതിനായി നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ സ്ഥലം സംബന്ധിച്ച് നഗരസഭയും പോലീസ് അധികൃതരും തമ്മിൽ തർക്കം ഉണ്ടാവുകയും ആയത് സംബന്ധിച്ച് എൽ.ആർ കളക്ടറുടെ മദ്ധ്യസ്ഥതയിൽ 15.10.2018 – ൽ ധാരണയാവുകയും ചെയ്തിട്ടുണ്ട്. ബഹു. ജില്ലാ കളക്ടറുടെ 24.1.2020 -ലെ L-7-89569/20നമ്പർ ആയുള്ള ബഹു. റവന്യൂ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്ത് പ്രകാരം 05.42 ആർ, 18.24 ആർ എന്നിങ്ങനെയുള്ള അളവുകൾ ആണ് നഗരസഭയുടെ വിഹിതമായി നിശ്ചയിച്ചിരിക്കുന്നത് എന്നും നിലവിലുള്ള നിയമപ്രകാരം പഞ്ചായത്തുകൾക്ക് / മുനിസിപ്പാലിറ്റികൾക്ക് ഭൂമി കൈമാറ്റനിയമപ്രകാരം ഭൂമി കൈമാറാവുന്നതല്ലായെന്നും നിലവിലുള്ള കമ്പോളവില ഈടാക്കി പതിച്ചോ പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചുവരുന്നതെന്നും ആയതിനാൽ അതിനുള്ള അപേക്ഷയാണ് മുനിസിപ്പാലിറ്റി സമർപ്പിക്കേണ്ടതെന്നും ഇക്കാര്യം മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുള്ളതായും ഈ സാഹചര്യത്തിൽ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾക്കുള്ള ഉത്തരവുകൾ നൽകണമെന്നും ബഹു. കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെയും ഈ ഭൂമി നഗരസഭക്ക് വിട്ടുകിട്ടുകയോ നഗരസഭയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം അടക്കുകയോ ചെയ്യുന്നില്ല.

സർക്കാർ പുറമ്പോക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള റവന്യൂ (പി) വകുപ്പിന്റെ 3-7-2001 ലെ 16579/p3/2001 / റവന്യൂ. നമ്പർ സർക്കുലർ ആയി ഭരണവകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ കളക്ടർമാർ മുതലായവർക്കുള്ള നിർദ്ദേശം പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാർ ഭൂമി വില ഈടാക്കാതെ കൈമാറ്റം നടത്താമെങ്കിലും ആദായജന്യവും വാണിജ്യപരവുമായ ആവശ്യങ്ങൾക്കാണ് ഭൂമി ആവശ്യപ്പെടുന്നതെങ്കിൽ സ്ഥലവില ഈടാക്കേണ്ടതുണ്ട് എന്നും ആയതിനാൽ ഏതുവിധ കൈമാറ്റനിർദ്ദേശമാണെങ്കിലും ഭൂമിയുടെ കമ്പോളവില ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഭൂമി നഗരസഭയുടേതല്ല എന്ന് മേൽപ്പറഞ്ഞ കത്തിടപാടുകളിൽനിന്നും വ്യക്തമാണ്. എന്നിട്ടും ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി തീരുമാനമെടുക്കുകയും ടെണ്ടർ ക്ഷണിക്കുകയും കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ) സമർപ്പിച്ച ടെണ്ടർ 25.8.2020 – ലെ 21-ാം നമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിക്കുകയുമാണുണ്ടായത്. ഈ തീരുമാനം പ്രകാരം വർക്ക് ഓർഡർ നൽകുകയും കെൽ തയ്യാറാക്കിയ 20 കോടി അടങ്കലിന്റെ ഡിപിആർ 4.11.2020 – ല 15-ാം നമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിക്കുകയുമാണ് ചെയ്തത്. ആകെ പ്രോജകട് കോസ്റ്റിന്റെ 1.56% ആണ് റിപ്പോർട്ട്

പ്രിപ്പറേഷൻ ചാർജ്.

ഈ പ്രോജക്ടിനായി ഇതു വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ചെക്ക് നമ്പർ/ തീയതി | തുക | ഇനം |
|---|---|---|
| 100540/17.9.2020 | 824234/- | ഡിപിആർ തയ്യാറാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് നൽകിയത് - ഗഡു 1 |
| 100562/23.9.2020 | 50000/- | മണ്ണ് പരിശോധനക്കും മറ്റുമായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് നൽകിയത് |
| 100575/8.10.2020 | 60920/- | ,, |
| 100591/19.10.2020 | 8000/- | സർവേ മാപ്പിംഗിനായി ഹോം ലാൻഡ് ഗ്രൂപ്പിന് നൽകിയത് |
| 781444/11.11.20 | 824234/- | ഡിപിആർ തയ്യാറാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് നൽകിയത് ഗഡു -2 |
| 456183/16.12.2020 | 50000/- | സ്ട്രക്ചറൽഡിസൈനിന്റെ സ്ക്രൂട്ടിനിക്കും പ്രൂഫ് ചെക്കിംഗിനും വേണ്ടി തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിന് നൽകിയത് |
| 456187/23.12.2020 | 103400/- | ,, |
| 307282/7.1.2021 | 549489/- | ഡിപിആർ തയ്യാറാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് നൽകിയത് -ഗഡു -3 |
| 100784/4.6.2021 | 20000/- | ഫയർ എൻ ഒസി പ്രിപ്പറേഷന് വേണ്ടി സേഫ്റ്റി സ്ക്വയർ ന് നൽകിയത് |
| 100788/17.6.2021 | 3370/- | ദേശാഭിമാനി - പത്രപരസ്യം |
| 100789/17.6.2021 | 74500/- | ഇനീഷ്യൽ ഫയർ എൻഒസി- ഫയർ & സേഫ്റ്റി വകുപ്പ് |
| 970646/3.8.2021 | 27200/- | ഫയർ എൻ ഒസി പ്രിപ്പറേഷന് വേണ്ടി സേഫ്റ്റി സ്ക്വയർ ന് നൽകിയത് |
| 804945/21.1.22 | 549489/- (279403/- നികുതികൾ കിഴിച്ച് ബാക്കി 270086/- നൽകി) | ഡിപിആർ തയ്യാറാക്കുന്നതിന് - കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി |
| ആകെ | 31,44,836/- | |

ഇതുവരെ ഈയിനത്തിൽ ആകെ 31,44,836/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ ഭൂമി നഗരസഭയുടേതല്ല എന്ന് മേൽപ്പറഞ്ഞ കത്തിടപാടുകളിൽനിന്നും വ്യക്തമാണ്. എന്നിട്ടും ഭൂമിയുടെ ഉടമസ്ഥാവകാശം നേടാതെ ടൗൺഹാൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്ത് ഡിപിആർ തയ്യാറാക്കുന്നതിനും മണ്ണ് പരിശോധനക്കും മറ്റു ചെലവുകൾക്കുമായി വൻതുക ചെലവഴിച്ചത് നഗരസഭക്ക് നഷ്ടമായി. ഫയർ എൻ ഒ സി യുടെ കാലാവധി 16.7.21 മുതൽ 5 വർഷത്തേക്കാണ്.

8.3.23 -ലെ നഗരസഭാ കൗൺസിലിൽ 28 -ാം നമ്പറായി പോലീസ് സ്റ്റേഷന് സമീപമുള്ള സ്ഥലത്ത് ടൗൺ ഹാൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്തിരുന്നു. കെട്ടിടനിർമ്മാണത്തിനായി 4 കോടി രൂപ തനത് ഫണ്ടും 16 കോടി രൂപ ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുമാണ് കണക്കാക്കിയിരിക്കുന്നത്. ഇത്രയും തുക മുതൽമുടക്കി ടൗൺ ഹാൾ നിർമ്മിച്ചാൽ അത് ലാഭകരമായിരിക്കുമോ എന്നതും വിട്ടുകിട്ടുന്ന ഭൂമിക്ക് വിലകൊടുക്കേണ്ട സാഹചര്യമാണന്നും അംഗങ്ങൾ അഭിപ്രായപ്പെടുകയും ഇക്കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയെ കൗൺസിലിൽ ചുമതലപ്പെടുത്തുകയും ചെയ്തു.

ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാനോ സ്ഥല സ്വന്തമാക്കാനോ ഇതുവരെയും നഗരസഭക്ക് സാധിച്ചിട്ടില്ല. സ്ഥലം നഗരസഭയുടേതല്ല എന്ന കത്ത് ലഭിച്ചതിനുശേഷമാണ് ഡിപിആറിനായുള്ള ടെണ്ടർ

അംഗീകരിച്ചിരിക്കുന്നത്. നിലവിൽ മേൽപ്പറഞ്ഞ പ്രകാരം ഡിപിആറിനായി ചെലവഴിച്ച 31,44,836/- രൂപ നഗര സഭക്ക് നഷ്ടമായ അവസ്ഥയാണ്.

**1-24 ബാലസഭ പ്രവർത്തനങ്ങൾ-പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S126/24 -ബാലസഭ പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| പദ്ധതി അടങ്കൽ | ₹1,00,000/-( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ആകെ ചെലവഴിച്ച തുക | ₹1,00,000/- (ബിൽ നം. 133/21.10.2023) |

ബാലസഭ സംഘാടനത്തിനായി മേൽ പ്രോജക്റ്റ് വഴി ₹1,00,000/- കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ഫുട്ബോൾ മൽസരത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയതിനും, യാത്ര, ഭക്ഷണം ചെലവുകൾക്കുമായി തുക ചെലവഴിച്ചതിന്റെ രേഖകളാണ് ചെലവിനാധാരമായി ഫയലിലുള്ളത്. സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022 തീയ്യതി 28/5/22 (പദ്ധതി മാർഗരേഖ) ഖണ്ഡിക 7.7.10 പ്രകാരം ബാലസഭ നടത്തുന്നതിന് നഗരസഭകൾക്ക് വാർഡ് ഒന്നിന് 1500/- രൂപ നിരക്കിൽ ആണ് ചെലവഴിക്കാവുന്നത് (കുടുംബശ്രീയ്ക്ക് നല്കാവുന്നത്). അങ്കമാലി നഗരസഭയിൽ 30 വാർഡുകളാണ് ഉള്ളത്. അതനുസരിച്ച് പരമാവധി ₹45,000/- രൂപയേ ചെലവഴിക്കാൻ അനുവാദമുള്ളൂവെന്നിരിക്കെ ബാലസഭ നടത്തിപ്പിന് ₹1,00,000/-കുടുംബശ്രീക്ക് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/14.01.2025) കുടുംബശ്രീക്ക് കൈമാറിയ ₹1,00,000/-യിൽ ₹44,545/- മാത്രമാണ് നിലവിൽ ചെലവഴിച്ചിട്ടുള്ളതെന്നും, ബാക്കി ₹55,455/- സി.ഡി.എസ് അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെന്നും അറിയിച്ചു. ചെലവിക്കാത്ത തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-25 പി.എം.എ.വൈ ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്**

പി.എം.എ.വൈ ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക നൽകുകയും എന്നാൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായും കണ്ടു. തുക കൈപ്പറ്റി വളരെ നാളുകളായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്

| ക്രമ നം. | ഡി.പി.ആർ നം, & ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു തുക/കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 2/40 | മിനി ജോയ്, വാർഡ് 19 | 30000/14-02-2018 | 1,90,000 |
| 2 | 3/4 | പി മണി, വാർഡ് 2 | 120000/26-02-2018 | 3,75,000 |
| 3 | 3/7 | കെ.എ തോമസ്, വാർഡ് 5 | 40000/23-06-2018 | 380000 |
| 4 | 3/11 | മഞ്ജു സാജു, വാർഡ് 21 | ലഭ്യമായില്ല | 1,75,000 |
| 5 | 3/13 | ഷൈജു മാത്യു, വാർഡ് 26 | 1,20,000/ 16.04.2018 | 1,20,000 |
| 6 | 4/22 | ജിഷ റിൻസൺ, വാർഡ് 5 | 40000/29-04-2019 | 3,60,000 |
| 7 | 4/37 | വെറോണിക്ക, വാർഡ് 8 | 40000/ 21-01-2021 | 3,60,000 |
| 8 | 4/52 | സുജിത രാജു, വാർഡ് 13 | 40000/30-08-2022 | 1,20,000 |
| 9 | 4/80 | ലീന പി.ജെ, വാർഡ് 21 | 40000/ 16-12-2020 | 40,000 |
| 10 | 4/92 | ലില്ലി മാണി, വാർഡ് 25 | 40000/29-048-2019 | 3,60,000 |
| 11 | 4/109 | ലിനി കാച്ചപ്പിള്ളി, വാർഡ് 28 | 40000/13-02-2020 | 360000 |
| 12 | 4/114 | നിമിഷ ഷിബു, വാർഡ് 28 | 40000/---- | 2,80,000 |
| 13 | 6/4 | ലാലി സാബു, വാർഡ് 8 | 40,000/-24.06.2022 | 40,000 |
| 14 | 7/3 | വിനീത് കെ.ടി, വാർഡ് | 40,000/-16.12.2022 | 1,20,000 |

| | | | | |
|---|---|---|---|---|
| | | 7 | | |
| 15 | 8/9 | ബിന്ദു ജയകുമാർ, വാർഡ് 17 | 40,000/-21.06.2023 | 40,000 |
| 16 | 8/12 | രവി വി. എ, വാർഡ് 12 | 40,000/-26.12.2023 | 40,000 |
| 17 | 8/14 | ജിസ് ജോസ്, വാർഡ് 23 | 40,000/-26.10.2023 | 40,000 |
| 18 | 8/23 | ജോയ് എം.എ | 40,000/-26.10.2023 | 40,000 |

ആദ്യ ഗഡു നൽകി 5 വർഷം ആയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഉണ്ട്. കരാറിൽ ഏർപ്പെട്ടതിന് ശേഷം ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കണമെന്ന് കരാർ നിബന്ധന ഉണ്ടെന്നിരിക്കെയാണ് 5 വർഷത്തിലധികം കാലതാമസം ഉണ്ടായിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ട് രജിസ്റ്ററിൽ ചേർത്തതിന് ശേഷം തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാത്ത ഗുണഭോക്താക്കളുമുണ്ട്. ഇവരുടെ പേരുകൾ രജിസ്റ്ററിൽ ക്യാൻസൽ ചെയ്യേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി വളരെ നാളുകളായിട്ടും ഭവനനിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ആകെ 10 ഡി.പി.ആർ കളിലായും, പ്രളയഫണ്ട് വിനിയോഗിച്ചും ആകെ 347 വീടുകൾക്കാണ് നഗരസഭയിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. അങ്കമാലി നഗരസഭയിലെ പി.എം.എ.വൈ ഭവനപദ്ധതിയുടെ ഭവനനിർമ്മാണ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | കരാറിലേർപ്പെട്ടത് | നിർമ്മാണം തുടങ്ങാത്തത് | ഒന്നാം ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവർ | നാലാം ഗഡു കൈപ്പറ്റിയവർ |
|---|---|---|---|---|---|---|---|
| DPR 1 | 23 | 23 | 0 | 23 | 23 | 23 | 22 |
| DPR 2 | 60 | 60 | 0 | 60 | 60 | 60 | 59 |
| DPR 3 | 13 | 13 | 0 | 13 | 13 | 12 | 11 |
| DPR 4 | 106 | 106 | 0 | 106 | 104 | 103 | 97 |
| Flood | 11 | 11 | 0 | 11 | 11 | 11 | 11 |
| DPR 5 | 64 | 64 | 0 | 64 | 64 | 62 | 59 |
| DPR 6 | 16 | 15 | 1 | 15 | 13 | 12 | 9 |
| DPR 7 | 10 | 10 | 0 | 10 | 10 | 8 | 8 |
| DPR 8 | 25 | 20 | 5 | 20 | 15 | 13 | 5 |
| DPR 9 | 12 | 7 | 5 | 7 | 5 | 3 | 1 |
| DPR 10 | 7 | 1 | 6 | 1 | 1 | 1 | 0 |
| Total | 347 | 330 | 17 | 330 | 319 | 308 | 282 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സാധ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 കോതകുളങ്ങര ആറാട്ടുകടവ് നവീകരണം-ഇന്റർലോക്ക് ടൈൽ വിരിച്ചതിന് അധികനിരക്ക് നൽകി**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ്. 201/24-കോതകുളങ്ങര ആറാട്ടുകടവ് നവീകരണം (ഫയൽ നം. PWD/4517/2020) |

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ. ഹരികൃഷ്ണൻ എം |
| സാങ്കേതികാനുമതി | 86037/2021-22 -₹10,00,000/- |
| കരാർ നം | 67/AE/LSGD/ANG Dated 09.03.2022. |
| അളവ് പുസ്തകം | 132/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ₹10,00,000/- (വൗച്ചർ നം 94-01/24 Dated 17.01.24) |

അങ്കമാലി നഗരസഭ വാർഡ് 3 ൽ 265 മീ. നീളവും 4.2 മീ. വീതിയുമുള്ള റോഡ് കോതകുളങ്ങര ആറാട്ടുകടവ് പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പ്രോജക്റ്റാണിത്. 2021-22 ൽ പ്രോജക്റ്റ് നം 189/22 ആയി അംഗീകാരം നേടിയ പ്രവൃത്തി സ്പിൽ ഓവർ ആയി 2023-24 ൽ ആണ് പൂർത്തിയാക്കിയിട്ടുള്ളത്.

ഒറിജിനൽ എസ്റ്റിമേറ്റിൽ കടവിലേക്കുള്ള റോഡ് റീടാറിംഗ് ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സമീപത്തെ അമ്പലത്തിലെ ആചാരങ്ങളുടെ ഭാഗമായി ആന എഴുന്നള്ളത്ത് മുതലായ ആവശ്യങ്ങൾക്ക് കൂടി ഉപയോഗിക്കുന്നതിനാൽ റോഡ് ഉപരിതലം ടാറിംഗ് ഒഴിവാക്കി ഇന്റർലോക്ക് ടൈൽ വിരിക്കണം എന്ന പ്രദേശവാസികളുടെ ആവശ്യത്തെത്തുടർന്ന് വാർഡ് കൗൺസിലർ നൽകിയ അപേക്ഷ പരിഗണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

ടൈൽ വിരിക്കുന്നതിന് 80 Mm M30 Grade കട്ടയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിനായി തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരം (0d 1039776)പ്രകാരം ച.മീ ക്ക് ₹1089/- എന്ന നിരക്കാണ് കണക്കാക്കിയിട്ടുള്ളത്. (As Per Mord Data 2018 DsoR, With Cost Index 35.59). എന്നാൽ ഇതേ ഷെഡ്യൂൾ നിരക്കിൽ 80 Mm M40 Grade കട്ട വിരിക്കുന്നതിന് കേവലം ₹1008.47/m2 മാത്രമാണ് നിരക്ക് വരുന്നത്.

ഡാറ്റ പരിശോധിച്ചതിൽ Crushed Stone 0.75mm കനത്തിൽ നൽകുന്നതിനുള്ള നിരക്ക് ഉൾപ്പെടുത്തിയതിനാലാണ് 80 Mm M30 Grade കട്ട വിരിച്ചതിന് ച.മീ ക്ക് ₹1089/- എന്ന നിരക്ക് വന്നിട്ടുള്ളതെന്ന് കണ്ടു. വലിയ ട്രാഫിക് ഇല്ലാത്ത റോഡ് ആയിരുന്നിട്ടുകൂടി 0.75 Mm Thick Compact Bed ന്റെ നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കൂടിയ നിരക്കിൽ പ്രവൃത്തി നടത്തിയതിനാൽ ഈ പ്രവൃത്തിയിൽ ചുവടെ ചേർക്കും പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| ടൈൽ ചെയ്ത ഏരിയ | 596.75 M2 (അളവ് പുസ്തകം പേജ് 41 ) |
| നൽകിയ നിരക്ക് | 360 M2 @ 1089.83 = 3,92,338.80 |
| | 236.75 M2 @ 1087.87 = 257553.22 |
| ആകെ | 649892.02 |
| നൽകാവുന്ന നിരക്ക് | 596.75 M2 @ 1008.47 = 6,01,804.47 |
| അധികം വന്ന തുക | 649892.02- 601804.47 =<br>48,088/-+ 18 % GST= = 56,743.84 |

പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/16.01.2025) ഭാരമുള്ള വാഹനങ്ങൾ പോകുന്ന റോഡായതിനാലും, ഉൽസവ സമയത്ത് ആന എഴുന്നള്ളത്ത് നടത്തുന്നതിനാലും 0.75 Mm കനത്തിൽ Thick Compact Bed നൽകുകയാണുണ്ടായതെന്നാണ് മറുപടി നൽകിയത്. നിരവധി വളവുകളോട് കൂടിയ, കടവിലേക്കുള്ള പ്രസ്തുത റോഡിലൂടെ ഭാരമുള്ള വണ്ടികൾ വരാൻ സാധ്യത തീരെയില്ലാത്തതാണ്. തൻവർഷം നടപ്പിലാക്കിയ മറ്റ് ടൈൽ പേവിംഗ് പ്രവൃത്തികളിൽ ഈയിനത്തിന് ₹1008.47/m2 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള ഇനങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെ ഉണ്ടാകുന്ന അധികച്ചെലവ് ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-27 അറവ് ശാല നിർമ്മാണത്തിന് ഡി.പി.ആർ -തുടർനടപടികൾ സ്വീകരിക്കണം

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്. 201/24- അറവ്ശാല നിർമ്മാണത്തിന് ഡി.പി.ആർ<br>(ഫയൽ നം PW1/12140/2022) |
| കരാറുകാരന്റെ പേര് | സെന്റർ ഫോർ ഫാമിംഗ് & പ്രോസസിംഗ്, കണ്ണൂർ |
| കരാർ നം | 34/AE/LSGD/AGLY/23-24 Dated 10.01.2024. |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| ചെലവഴിച്ച തുക | ₹442104/-(ചെക്ക് നം 501541 Dated 30.03.24) |

അങ്കമാലി നഗരസഭയിൽ ആധുനിക അറവ് ശാല നിർമ്മിക്കുന്നതിന് മുന്നോടിയായി വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഇതിനായി ക്ഷണിച്ച ടെണ്ടറിൽ 18,00,000/- ക്വോട്ട് ചെയ്ത സെന്റർ ഫോർ ഫാമിംഗ് & പ്രോസസിംഗ്, കണ്ണൂർ എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തതനുസരിച്ച് ₹15,00,000/- ന് വർക്ക് ഏറ്റെടുക്കാൻ തയ്യാറാണെന്ന് സ്ഥാപനം അറിയിക്കുകയും അതനുസരിച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തു. പിന്നീട് സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിൽ (നം 34/AE/LSGD /AGLY/23-24 തീയതി 10.01.2024) പ്രോജക്ട് കോസ്റ്റിന്റെ 2.33 % അഥവാ ₹15,00,000/-ഏതാണോ കുറവ് അത് എന്നാണ് അംഗീകരിച്ചിട്ടുള്ളത്. തുക താഴെ പറയും പ്രകാരം നാല് തവണകളായി കൈമാറാനും കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

1. കരട് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 30 % തുക അനുവദിക്കുക
2. അന്തിമ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 30 % തുക അനുവദിക്കുക
3. സാങ്കേതികാനുമതി ലഭ്യമാക്കുമ്പോൾ 30 % തുക അനുവദിക്കുക
4. പ്രോജക്ട് പൂർത്തിയാക്കുമ്പോൾ 10 % തുക അനുവദിക്കുക.

കരട് ഡി.പി.ആർ പ്രകാരം ആകെ പ്രോജക്ട് കോസ്റ്റായ ₹5,36,00,000/-യുടെ 2.33 % തുകയായ ₹ 12,48,880/- രൂപയാണ് കരാറുകാരന് നൽകേണ്ടത് .

കരട് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 30 % തുക അനുവദിക്കണമെന്ന കരാർ വ്യവസ്ഥ പ്രകാരം ₹ 12,48,880/-യുടെ 30 % തുകയായ ₹ 3,74,664/-+ 18% ജി.എസ്.ടി ഉൾപ്പെടെ ആകെ ₹4,42,104/- നിയമാനുസൃത നികുതികൾ കിഴിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്.

ഒറിജിനൽ പ്രോജക്ട് പ്രകാരം ഡി.പി.ആർ. തയ്യാറാക്കൽ പ്രോജക്ടിന്റെ അടങ്കൽ ₹ 5,00,000/-ആയിരുന്നു. ഇതിന് ഭരണാനുമതി എത്ര രൂപക്കാണ് നൽകിയിട്ടുള്ളത് എന്നതിൽ വ്യക്തതയില്ല. ആധുനിക അറവുശാല എന്ന പേരിലുപരി എപ്രകാരമുള്ള അറവ് ശാലയാണ് വേണ്ടത് എന്നതിൽ നഗരസഭ എന്തെങ്കിലും പഠനം നടത്തിയതായി കാണുന്നില്ല. എന്നാൽ ഉയർന്ന തുകയുടെ ടെണ്ടർ ലഭിച്ചതനുസരിച്ച് പ്രോജക്ട് റിവിഷനിൽ അടങ്കൽത്തുക ₹20,00,000/- ആയി വർദ്ധിപ്പിക്കുകയാണുണ്ടായത്( 25.07.2023 ലെ 14ാം നമ്പർ തീരുമാനം). ആകെ പദ്ധതിച്ചെലവ് കണക്കാക്കുന്നതിന് മുമ്പ് തന്നെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ₹18,00,000/-യുടെ ടെണ്ടർ അംഗീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വിശദീകരണം നൽകേണ്ടതും, പ്രോജക്ടിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/16.01.2025) ലഭ്യമാക്കിയ മറുപടിയിൽ 20.03.2023 ൽ നടത്തിയ ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ലെന്നും, പിന്നീട് 20.04.2023 ൽ നടത്തിയ റീ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടറാണ് കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചതെന്നും അറിയിച്ചു. ഡി.പി.ആർ നിലവിൽ ലഭ്യമായിട്ടുണ്ടെന്നും, അതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചു.

ലഭ്യമാക്കിയ ഡി.പി.ആർ പ്രകാരം ആകെ പ്രോജക്ട് കോസ്റ്റ് ₹8,89,00,000/-ആണ്. ആകെ പ്രോജക്ട് കോസ്റ്റിൽ കരട് ഡി പി ആറിൽ കണക്കാക്കിയതിനേക്കാൾ പ്രോജക്ട് കോസ്റ്റ് ഗണ്യമായി കൂടിയതായി കാണാം. ഇതനുസരിച്ച് കൺസൽട്ടൻസി ചാർജിലും വർദ്ധനവ് വരും. കൂടുതൽ ഫീസ് ലഭിക്കാനാണോ പ്രോജക്ട് കോസ്റ്റിൽ വർദ്ധനവ് വരുത്തിയിട്ടുള്ളതാണെന്ന് പരിശോധിക്കേണ്ടതാണ്. ഇതിൽ ₹50,00,000/- നഗരസഭയും, ₹8,39,00,000/- കിഫ്ബി ഫണ്ട് വിനിയോഗിച്ചും 2025 ഒക്ടോബറിൽ പദ്ധതി പൂർത്തീകരിക്കുമെന്നാണ് ഡി.പി.ആറിൽ പറയുന്നത്. അറവുശാല നിർമ്മാണത്തിനുള്ള സ്ഥലം ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട നിലം ഭൂമി ആയതിനാൽ പൊതു ആവശ്യം പരിഗണിച്ച് ഭൂമി പരിവർത്തനത്തിന് ( 20.01.ആർ) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (സർക്കാർ ഉത്തരവ്(കൈ) നം. 120/2024/അഗ്രി. തീയതി 31.10.2024) . മറ്റ് നടപടികൾ പൂർത്തിയാക്കി ആധുനിക അറവുശാല യാഥാർത്ഥ്യമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-28 ഓർഗാനിക് വേസ്റ്റ് കൺവർട്ടർ - ലഭിക്കുന്ന വളം വിൽപന നടത്തിയതിന്റെ വിശദാംശങ്ങൾ ഇല്ല.**

അങ്കമാലി നഗരസഭയിലെ ജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പദ്ധതി പ്രകാരം 9 KW ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ ( Model No SE 5001) ഇ ടെണ്ടർ മുഖേന സോൾവ് എർത്ത് ഇക്കോടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2021-22 വർഷത്തിൽ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ സംസ്കരിച്ച് പൊടിച്ച് വളമാക്കി മാറ്റുന്ന ത്രീ ഫേസ് വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ യന്ത്രം നഗരസഭ വക മാർക്കറ്റിലാണ് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. 16,57,600/-രൂപ യന്ത്രത്തിന്റെ വിലയും, ഇലക്ട്രിക്കൽ പ്രവൃത്തിക്കായി 1,69,010/- രൂപയുമടക്കം 18,26,610/- രൂപയാണ് ആകെ പദ്ധതി ചെലവ്.

1 പ്രതിദിനം 500 Kg ജൈവമാലിന്യം 22-26 മണിക്കൂർ സമയം കൊണ്ട് സംസ്കരിച്ച് വളമാക്കി മാറ്റാൻ കഴിയുന്ന

വിധം കപ്പാസിറ്റിയുള്ള യന്ത്രമാണ് നഗരസഭ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. 2022 മാർച്ച് മാസം മുതൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷിൻ പ്രവർത്തിപ്പിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റുന്നുണ്ട്.

ഓർഗാനിക് വേസ്റ്റ് കൺവർട്ടർ ഉപയോഗിച്ചതിന്റെ വൈദ്യുതി ചാർജ് ഇനത്തിൽ ശരാശരി 5000/- രൂപക്ക് മുകളിൽ നഗരസഭ അടവാക്കുന്നുണ്ട്. മുടക്കമില്ലാതെ വൈദ്യുതി ചാർജ് അടവാക്കുന്നതിനാൽ ഈ മെഷീൻ സ്ഥിരമായി ഉപയോഗിക്കുന്നു എന്ന് വ്യക്തമാണ്. എന്നാൽ ഇതിൽനിന്നും ലഭ്യമായ വളത്തിന്റെ വിറ്റു വരവുകൾ കണക്കുകളിൽ കാണുന്നില്ല. ഇതു വരെ ലഭിച്ച വളത്തിന്റെ അളവും ആയതിന്റെ വിൽപ്പനയും അതിൽനിന്നും ലഭിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വളം വിൽപ്പന നടത്തിയതിന്റെ രേഖകൾ ഒന്നും ലഭിക്കാത്തതിനാൽ ഈയിനത്തിൽ വരവുകളൊന്നും ഇല്ല എന്നാണ് വ്യക്തമാകുന്നത്. വിൽപ്പന നടത്താനാവാത്ത വിധത്തിലാണോ വേസ്റ്റ് രൂപമാറ്റം സംഭവിച്ച് ലഭിക്കുന്നതെന്ന് വ്യക്തമല്ല. ഉപകരണം സ്ഥാപിക്കുമ്പോൾ കമ്പനി അവകാശപ്പെട്ടിരുന്ന വിധത്തിൽ പ്രവർത്തനക്ഷമത ഇല്ലെങ്കിൽ അക്കാര്യം രേഖാ മൂലം ആ സ്ഥാപനത്തെ അറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-29 അക്കൗണ്ട്സ് ചട്ടങ്ങൾ ,മാന്വൽ എന്നിവയ്ക്ക് അനുസൃതമായി സ്ഥിരനിക്ഷേപങ്ങളുടെ കണക്ക് സൂക്ഷിക്കുന്നില്ല.ലെഡ്ജർ പ്രകാരം സ്ഥിരനിക്ഷേത്തിന്റെ മൂല്യം 51.72 ലക്ഷം രൂപ അധികം കണക്കാക്കിയിരിക്കുന്നു.**

നഗരസഭയുടെ സ്ഥിരനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്റർ , നിക്ഷേപങ്ങളുടെ സാക്ഷ്യപത്രം, രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്ന അതാത് കാലയളവിലെ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് ,ലെഡ്ജർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കണക്കുകൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്ര നം. | ബാങ്ക് | സർട്ടിഫിക്കറ്റ് സ്റ്റേഷനറി നമ്പർ | ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് നമ്പർ | ഈ സാമ്പത്തിക വർഷം ഏറ്റവും ഒടുവിൽ പുതുക്കി നിക്ഷേപിച്ച തീയ്യതികളും കാലവധിയും | സ്ഥിര നിക്ഷേപം മുന്നിരിപ്പ് | ഇൻവെസ്റ്റ് മെന്റിലേയ്ക്ക് ലഭിച്ച പലിശ | 31.03.24 ലെ നീക്കിയിരിപ്പ് | എസ് ബി അക്കൗണ്ടി ലേയ്ക്ക് ക്രെഡിറ്റ് ചെയ്ത പലിശ | ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് |
|---|---|---|---|---|---|---|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 290863 | 3385000000010 | 16.11.23 (6 മാസം) | 13993281 | 0 | 13993281 | 909851 | 3281000000010 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | | 36943969352 | 9.12.23 (6 മാസം) | 8066340 | 431893 | 8498233 | --- | -- |
| 3 | ഫെഡറൽ ബാങ്ക്-1 | | 10020300279185 | 10.12.23 (6 മാസം) | 2732801 | 90752 | 2823553 | -- | -- |
| 4 | കേരള ഗ്രാമീൺ ബാങ്ക് (1) 2022-23 | 1314791 | 40539142200058 | 26.12.23 (6 മാസം) | 7793199 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | -- | -- |
| 5 | സൗത്ത് ഇന്ത്യൻ ബാങ്ക്-2 | | 331100000905 | 30.03.24 (100 ദിവസം) | 5000000 | 0 | 5000000 | പലിശ വിവരം ലഭ്യമല്ല | പാസ്സ് ബുക്ക് ഹാജരാക്കി യിട്ടില്ല |
| 6 | കേരള ഗ്രാമീൺ ബാങ്ക്(6) 2023-24 | 1045162 | 4053201900233 | 29.7.23 (1 വർഷം) | 5986701 | 336122 | 6322823 | -- | -- |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | കേരള ഗ്രാമീൺ ബാങ്ക്(7) 2023-24 | 1045163 | 40539201900234 | 29.7.23 (1 വർഷം) | 5986701 | 336122 | 6322823 | -- | -- |
| 8 | കേരള ഗ്രാമീൺ ബാങ്ക്(2) 2023-24 | 1314827 | 40539202200133 | 29.7.23 (1 വർഷം) | 5986702 | 336122 | 6322824 | -- | -- |
| 9 | കേരള ഗ്രാമീൺ ബാങ്ക്(4) 2023-24 | 1314824 | 40539202200134 | 29.7.23 (1 വർഷം) | 5986702 | 336122 | 6322824 | -- | -- |
| 10 | കേരള ഗ്രാമീൺ ബാങ്ക്(3) 2023-24 | 1314826 | 40539202200136 | 29.7.23 (1 വർഷം) | 5986702 | 336122 | 6322824 | -- | -- |
| 11 | കേരള ഗ്രാമീൺ ബാങ്ക്(5) 2023-24 | 1314825 | 40539202200135 | 29.7.22 (1 വർഷം) | 5986702 | 336122 | 6322824 | -- | -- |
